# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.23 No.1 കാർത്തികപ്പള്ളി R.No. 7361/02 2023 JANUARY

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## ലിറ്റിൽ സോഫിയ

അടുത്തിടെ കേരളത്തിലെ ഒരു നഗരത്തിൽ മൂന്നര വയസുള്ള കുട്ടിയെ, ഇതുവരെ സംസാരിക്കാൻ പഠിച്ചില്ലെന്നു പറഞ്ഞ് മാതാപിതാക്കൾ ഡോക്ടർമാരുടെ അടുത്തെത്തിച്ചു. തുടർന്ന് വിവിധ ഡോക്ടർമാർ മാതാപിതാക്കളെ സുദീർഘമായി വിസ്തരിച്ചതിൽ നിന്നു വ്യക്തമായത് ഞെട്ടിക്കുന്ന വിവരമാണ് - കുട്ടിയോട് മാതാപിതാക്കൾ സംസാരിക്കുന്നില്ല. മാതാപിതാക്കൾ സദാസമയം മൊബൈൽ ഫോണിൽ. ശല്യമൊഴിവാക്കാനായി കുട്ടിക്കും ഒരു ഫോൺ നൽകിയിരിക്കുന്നു. കുട്ടിയോട് ആരും സംസാരിക്കാത്തതിനാലാണ് കുട്ടി സംസാരിക്കാത്തത് എന്നാണ് ഡോക്ടർമാർ കണ്ടെത്തിയത്. ഇത്തരം കേസുകൾ ഇനി വർധിച്ചു വന്നേക്കാം.




ഒരിക്കലും മാതാപിതാക്കളുടെ സ്നേഹത്തിനോ സാമീപ്യത്തിനോ പകരമാകില്ലെങ്കിലും ഇത്തരം മാതാപിതാക്കൾക്ക് അൽപം ആശ്വാസം പകരുന്ന പേരാണ് 'ലിറ്റിൽ സോഫിയ'. കുട്ടികളെ പരിശീലിപ്പിക്കാൻ ഹാൻസൺ റോബോട്ടിക്സ് ഇറക്കിയ ലിറ്റിൽ സോഫിയ ഇപ്പോൾത്തന്നെ കുട്ടികൾക്കൊപ്പം കളിക്കാനും അവരെ പഠിപ്പിക്കാനും അവർക്കൊരു റോബോട്ട് കൂട്ടുകാരിയാകാനും കഴിവ് നേടിയിരിക്കുന്നു.

ഇതിനൊക്കെ പുറമെ കോഡിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ശാസ്ത്രം, ടെക്നോളജി, എൻജിനീയറിങ്, ഗണിത ശാസ്ത്രം തുടങ്ങിയവ പഠിപ്പിക്കാൻ സോഫിയയ്ക്ക് സാധിക്കുമെന്ന് റിപ്പോർട്ടുകൾ പറയുന്നു. മനുഷ്യരും റോബോട്ടുകളും തമ്മിലുള്ള ബന്ധം എങ്ങനെയാണ് വളരാൻ പോകുന്നത് എന്നതിന്റെ വ്യക്തമായ സൂചനയാണിത്. പക്ഷേ, ഇതൊക്കെ തുടക്കം മാത്രം.

അതിർത്തി കാക്കുന്നതും നഗരങ്ങൾ വൃത്തിയാക്കുന്നതും കുട്ടികളെ പഠിപ്പിക്കുന്നതും മുതൽ ഭീകര പ്രവർത്തനങ്ങൾക്ക് വരെ ഉപയോഗിക്കാവുന്ന റോബോട്ടുകൾ ലോകമെമ്പാടും പലരും പ്രതീക്ഷിക്കുന്നതിനേക്കാൾ വേഗത്തിൽ എത്തിയേക്കാമെന്ന് പി.ടി.ഐ റിപ്പോർട്ടു ചെയ്യുന്നു. ഏകദേശം 2030-തോടു കൂടി 24.4 കോടിയിലേറെ റോബോട്ടുകളായിരിക്കും ലോകമെമ്പാടുമായി പ്രവർത്തിക്കുക എന്നാണ് പുതിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

## ദൈവവിശ്വാസിയാണ് മതാനുയായിയല്ല




21-ാം വയസ്സിൽ സ്റ്റീഫൻ ഹോക്കിംഗിനെ ബാധിച്ച നാഡീവ്യൂഹ രോഗത്തെ 76-ാം വയസ് വരെ ധീരതയോടെ അദ്ദേഹം നേരിട്ടത് പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ മനുഷ്യനു നിത്യ പ്രചോദനമാണ്. ഗലീലിയോ, ന്യൂട്ടൻ, ഐൻസ്റ്റൈൻ, ഹോക്കിംഗ് എന്ന അച്ചുതണ്ടിനു ചുറ്റുമാണ് ആധുനിക ശാസ്ത്രലോകം ഭ്രമണം ചെയ്യുന്നതെന്നു കാണാം. തമോഗർത്തങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തം തെളിവുകൾ പോരെന്നു പറഞ്ഞ് നൊബേൽ സമ്മാനസമിതി നിരാകരിച്ചു.

ദൈവകണ സിദ്ധാന്തത്തിന്റെ പേരിൽ അദ്ദേഹത്തെ ഈശ്വരവിശ്വാസിയല്ല എന്നു ചിലർ മുദ്രകുത്തി. എന്നാൽ വിനയാന്വിതനായി അദ്ദേഹം രേഖപ്പെടുത്തി: ഞാൻ തികഞ്ഞ ദൈവവിശ്വാസിയാണ്. അന്ധവിശ്വാസിയല്ല. മതാനുയായി അല്ല.

പ്രപഞ്ചസൃഷ്ടിക്കു മുമ്പുണ്ടായിരുന്ന ഊർജസ്രോതസിന്റെ ഉത്ഭവത്തെക്കുറിച്ചു ശാസ്ത്രത്തിനു സംശയമില്ലാത്ത ഉത്തരമില്ല. ഈ ഊർജത്തിലേക്കു ദ്രവ്യം കടന്നുവന്നപ്പോൾ അതു മെറ്റീരിയലൈസ്ഡ് എനർജി ആയി മാറി. ഈ ഘട്ടത്തിൽ ദൈവത്തിന്റെ ഇടപെടൽ ഹോക്കിംഗ് അംഗീകരിക്കുന്നു. 2018 ലാണ് സ്റ്റീഫൻ ഹോക്കിംഗ് അന്തരിച്ചത്.

## ക്രിസ്തീയവിശ്വാസം അറേബ്യൻ നാടുകളിൽ



മുസ്ലീം വിശ്വാസം പ്രചരിക്കുന്നതിനും നൂറ്റാണ്ടുകൾക്കുമുമ്പ് യു.എ.ഇ-യിൽ നിലനിന്നിരുന്ന ക്രിസ്ത്യൻ സന്യാസ ആശ്രമത്തിന്റെ അവശേഷിപ്പുകൾ കണ്ടെത്തിയെന്ന് സ്ഥിരീകരിച്ച് അധികൃതർ. യു.എ.ഇ-യിലെ എമിറേറ്റുകളിലൊന്നായ ഉമ്മുൽ ഖുവൈനിലെ അൽ സിനിയ്യ ദ്വീപിലാണ് പുരാവസ്തു ഗവേഷകർ നടത്തിയ ഉത്ഖനനത്തിൽ പുരാതന ക്രിസ്ത്യൻ ആശ്രമത്തിന്റെ ശേഷിപ്പുകൾ കണ്ടെത്തിയത്. പുരാവസ്തുക്കളുടെ കാലപ്പഴക്കം നിർണയിക്കുന്ന കാർബൺ ഡേറ്റിംഗ് പ്രകാരം ആശ്രമത്തിന് 1400 വർഷം പഴക്കമാണ് കണക്കാക്കപ്പെടുന്നത്. അതായത് നിർമാണ കാലം എ.ഡി 534നും 656നും ഇടയിൽ. പ്രസ്തുത കണ്ടെത്തൽ യു.എ.ഇയിലെ ക്രിസ്ത്യൻ വേരുകളിലേക്ക് വെളിച്ചം വീശുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം.

സന്യാസിമാർ ഏകാന്ത ധ്യാനത്തിൽ കഴിയാൻ ഉപയോഗിച്ചതായി കരുതുന്ന സ്ഥലം, ഭക്ഷണമുറി, സ്നാനതൊട്ടി, ആവശ്യമായ അപ്പവും വീഞ്ഞും ഉണ്ടാക്കാനുള്ള സ്ഥലം എന്നിവയുടെ സാന്നിധ്യം വ്യക്തമാക്കുന്നതാണ് പുരാവസ്തു ഗവേഷകർ കണ്ടെത്തിയ കെട്ടിടത്തിന്റെ ശേഷിപ്പുകൾ. ഒറ്റ ഹാളിൽ പ്രവർത്തിച്ചിരുന്ന ഒരു ആരാധനാസ്ഥലം ആശ്രമത്തിൽ ഉണ്ടായിരുന്നുവെന്നും ഗവേഷകർ അനുമാനിക്കുന്നു. ആശ്രമത്തോട് അനുബന്ധിച്ച് ഒരു വലിയ സമൂഹം ഇവിടെ തഴച്ചുവളർന്നിരുന്നു എന്നാണ് നിഗമനം.

ഉമ്മുൽ ഖുവൈൻ ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം ആൻഡ് ആർക്കിയോളജി, ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലെ പുരാവസ്തു പഠന ഇൻസ്റ്റിറ്റ്യൂട്ട്, ഉമ്മുൽ ഖുവൈനിലെ ഇറ്റാലിയൻ ആർക്കിയോളജിക്കൽ മിഷൻ എന്നിവയുടെ സഹകരണത്തോടെ നടക്കുന്ന സിനിയ്യ ആർക്കിയോളജി പ്രോജക്ടിന്റെ ഭാഗമായി നടത്തിയ ഉത്ഖനനത്തിലാണ് ഈ ആശ്രമ അവശേഷിപ്പുകൾ കണ്ടെത്തിയത്.

## ദൈവവും ആധുനിക ക്ലോണിങ്ങും

ക്ലോണിങ്ങിലൂടെ വിജയകരമായി ആർട്ടിക് ചെന്നായയെ നിർമ്മിച്ച് ചൈനീസ് ഗവേഷകർ. പെൺ ആർട്ടിക് ചെന്നായയിൽ നിന്നുള്ള കോശത്തെ ബീഗിൾ എന്നു വിളിക്കുന്ന കാട്ടുനായയുടെ ഭ്രൂണത്തിൽ നിക്ഷേപിച്ചാണ് ക്ലോണിങ് നടത്തിയത്. ബീജിങ്ങിലെ സീനോജിൻ ബയോടെക്നോളജി കമ്പനി കഴിഞ്ഞ ജൂണിൽ തന്നെ ക്ലോണിങ്ങിലൂടെ മായ എന്നു പേരിട്ട ആർട്ടിക് ചെന്നായയെ സൃഷ്ടിച്ചിരുന്നു. എന്നാൽ ജനിച്ച് നൂറു ദിവസം പൂർത്തിയായി ഇത് ആരോഗ്യത്തോടെയിരിക്കുന്നുവെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് അവർ വിവരം പുറത്തുവിട്ടത്. ജൂൺ പത്തിനാണ് മായ പിറന്നതെന്ന് ചൈനീസ് മാധ്യമമായ ഗ്ലോബൽ ടൈംസ് റിപ്പോർട്ടു ചെയ്യുന്നു. മായയുടെ വീഡിയോയും ചിത്രങ്ങളും സീനോജിൻ പുറത്തുവിട്ടിട്ടുണ്ട്. പട്ടി, പൂച്ച, കുതിര തുടങ്ങിയ വളർത്തുമൃഗങ്ങളുടെ ക്ലോണുകളെ ഉടമകളുടെ ആവശ്യത്തിനനുസരിച്ച് നിർമ്മിച്ച് നൽകുകയാണ് സീനോജിൻ ചെയ്യുന്നത്. എന്നാൽ ക്ലോണിങ്ങിൽ കൂടുതൽ വൈദഗ്ധ്യം നേടുന്നതിന്റെ ഭാഗമാണ് സിനോജിനിന്റെ ഈ പദ്ധതിയെന്നും ഗ്ലോബൽ ടൈംസ് പറയുന്നു.



ശാസ്ത്രത്തിന് ഇത് നേട്ടമാണെങ്കിലും ക്ലോണിങ്ങിനെ പല രീതിയിൽ എതിർക്കുന്നവരും സജീവമാണ്. ക്ലോണിങ്ങിന്റെ പേരിൽ നിരവധി മൃഗങ്ങൾക്ക് ശസ്ത്രക്രിയകൾ വേണ്ടി വരുമെന്നതാണ് ഒരു എതിർപ്പ്. മറ്റൊന്ന് ഇത് ധാർമികമായി ശരിയല്ലെന്ന വിമർശനമാണ്. ദൈവത്തിന്റെ ജോലി മനുഷ്യൻ ചെയ്യുന്നതുപോലെയാണ് ക്ലോണിങ്ങെന്നും കരുതുന്നവരുണ്ട്. അതേസമയം വംശനാശം വന്ന ജീവികളെ പോലും തിരിച്ചുകൊണ്ടുവരാൻ ക്ലോണിങ്ങിന് സാധിക്കുമെന്നും അനുകൂലിക്കുന്നവർ ചൂണ്ടിക്കാണിക്കുന്നു.

ക്ലോണിംഗ് വലിയ ഒരു സംഭവമായും അധാർമ്മികതയായും ദൈവത്തിന് ഭീഷണിയും വെല്ലുവിളിയുമായും കാണുന്ന അനേകരുണ്ട്. വാസ്തവത്തിൽ ഇതിനൊന്നും അടിസ്ഥാനം ഇല്ലായെന്നുള്ളതാണ് സത്യം. കാരണം ജീവനെന്ന അത്ഭുതപ്രതിഭാസത്തിലേക്ക് കടക്കാൻ ശാസ്ത്രത്തിന് ഇതുവരെ സാധിച്ചില്ല. നിർമ്മാണവും പുനർനിർമ്മാണവും ശാസ്ത്രത്തിന് ഇന്നും അപ്രാപ്യമാണ്. ശൂന്യതയിൽ നിന്ന് ജീവൻ രൂപപ്പെടുത്തുവാൻ ശാസ്ത്രത്തിന് സാധിച്ചിട്ടില്ല. നിർജ്ജീവകോശത്തെ ജീവൻ നൽകി സജീവമാക്കാനോ ജീവൻ നിലനിൽക്കത്തക്കവിധം സാഹചര്യങ്ങൾ ക്രമീകരിക്കുവാനോ സാധിക്കാത്ത ശാസ്ത്രം എങ്ങനെയാണ് സൃഷ്ടാവിന് വെല്ലുവിളിയാകുന്നത്.





| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ । ഡിജിറ്റൽ । ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# രണ്ട് മനോഭാവങ്ങൾ



ത്യാഗപൂർണ പ്രവർത്തനങ്ങളിലൂടെ അനേകർക്ക് വെല്ലുവിളിയായിരുന്ന മൊറേവിയൻ മിഷനറി സമൂഹത്തിന്റെ ചിഹ്നത്തെക്കുറിച്ചു കേട്ടിട്ടുണ്ട്. നുകം വച്ച കാളയുടേയും യാഗപീഠത്തിൽ യാഗവസ്തുവായി അർപ്പിക്കപ്പെട്ടിരിക്കുന്ന കാളയുടേയും ചിത്രങ്ങൾ. ചിത്രത്തിനു ചുവടെ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. 'രണ്ടിനും തയ്യാർ', സന്ദേശം വ്യക്തമാണ്. നിലം ഉഴുന്ന നുകം വച്ച കാള ത്യാഗപൂർണമായ ക്രിസ്തീയ പ്രവർത്തനത്തിന്റെ പ്രതീകം. യാഗപീഠത്തിൽ എരിയുന്ന യാഗവസ്തു ഒരു രക്തസാക്ഷി മരണത്തിന്റേയും. 'രണ്ടിനും ഞങ്ങൾ തയ്യാറാണ്.'

ഇത് ഒരു മിഷനറി സംഘടനയ്ക്കു മാത്രം യോജിച്ച പ്രതീകമാണെന്നു പറഞ്ഞ് നമുക്ക് ഒഴിഞ്ഞുമാറാൻ കഴിയുമോ? തിരിച്ച് ഒന്നും പ്രതീക്ഷിക്കാതെ പൂർണമായി ദൈവത്തിനായി സമർപ്പിതമായ ഒരു ജീവിതം. ആ ജീവിതത്തിൽ പ്രതിഫലമില്ലാതെ കഠിനാദ്ധ്വാനത്തിന്റെ നീണ്ട വർഷങ്ങൾ. അതു സന്തോഷത്തോടെ സ്വീകരിക്കാൻ തയ്യാർ. അതോ ക്രൂരമായ ഒരു രക്തസാക്ഷി മരണമാണോ കാത്തിരിക്കുന്നത്. അതും സന്തോഷപൂർവം സ്വീകരിക്കാൻ ഒരുക്കമാണ്. രണ്ടിനും തയ്യാർ. ദൈവഹിതം ഏതാണോ അതു ജീവിതത്തിൽ നിറവേറണമെന്നേയുള്ളു. 'എന്നെ സംബന്ധിച്ചിടത്തോളം ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാലാകട്ടെ മരണത്താലാകട്ടെ എപ്പോഴും മഹിമപ്പെടുകേയുള്ളൂ' എന്ന് അപ്പോസ്തലനായ പൗലോസ് പറയുമ്പോൾ ആ വാക്കുകളിലും ഇതേ മനോഭാവത്തിന്റെ അലയൊലിയാണു മുഴങ്ങുന്നത് (ഫിലി. 1:20). പക്ഷേ ഈ മനോഭാവം കേവലം അപ്പോസ്തലനായ പൗലൊസിനോ മിഷനറിമാർക്കോ മാത്രം വേണ്ട ഒന്നാണോ? അല്ല. എല്ലാ ക്രിസ്ത്യാനിക്കും ഇതേ മനോഭാവമാണു വേണ്ടത്. ദൈവം അതാണു നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത്. ബൈബിൾ അതാണു നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനായി ജീവിക്കുന്നു. മരിക്കുന്നുവെങ്കിൽ കർത്താവിനായി മരിക്കുന്നു' എന്നു ബൈബിളിൽ അസന്ദിഗ്ധമായ ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുമ്പോൾ നമുക്കാർക്കെങ്കിലും ഇതിൽ കുറഞ്ഞ ഒരു ജീവിതം കൊണ്ടു ദൈവത്തെ തൃപ്തിപ്പെടുത്താൻ കഴിയുമോ?. (റോമർ 14:7,8)

ഈ മനോഭാവത്തെ ഇതൾ വിടർത്തി പരിശോധിച്ചാൽ ആഴത്തിൽ ഇതെന്താണ്? എനിക്ക് എന്റെ ജീവിതത്തിന്മേൽ അവകാശമൊന്നുമില്ല. ഞാൻ എനിക്കായി ഒന്നും പിടിച്ചുവയ്ക്കുന്നില്ല. ഇതു ദൈവത്തിനു വിറ്റുകളഞ്ഞ ഒരു ജീവിതമാണ്. ഈ ജീവിതത്തിൽ എന്തു സംഭവിച്ചാലും എനിക്ക് പ്രശ്നമില്ല. ഈ മനോഭാവത്തെ ഇങ്ങനെ സംക്ഷേപിക്കാം ഞാൻ ദൈവത്തിനുവേണ്ടി.



ഇതിനുനേരേ എതിരായ ഒരു മനോഭാവമാണ് സ്വാഭാവികമായി മനുഷ്യർക്കെല്ലാം ഉള്ളത്. എല്ലാം എനിക്കുവേണ്ടി. അവരുടെ ജീവിതവീക്ഷണത്തെയും പ്രവൃത്തികളെയും എല്ലാം നിയന്ത്രിക്കുന്നത് ഈ മനോഭാവമാണ്. 'ഞാൻ എനിക്ക്' എന്നതാണ് അവരുടെ മുദ്രാവാക്യം. സ്വാർത്ഥകേന്ദ്രീകൃതമായ ഒരു ജീവിതമാണിത്. ഒരുവൻ ദൈവത്തെ അറിയുമ്പോൾ സംഭവിക്കുക സമ്പൂർണമായ മാറ്റമാണ്. അതുവരെ എല്ലാറ്റിന്റേയും കേന്ദ്രത്തിൽ തങ്ങളായിരുന്നെങ്കിൽ ഇനിമേലിൽ ആ സ്ഥാനം ദൈവത്തിനുള്ളതാണ്. സ്വാർത്ഥകേന്ദ്രീകൃതമായ ഒരു ജീവിതത്തിൽ നിന്ന് ദൈവത്തെ കേന്ദ്രീകരിച്ചുള്ള ഒരു ജീവിതത്തിലേക്കുള്ള മാറ്റം. അതാണു ദൈവത്തെ അറിയുന്നതിന്റെ ആദ്യപടിയായ മാനസാന്തരത്തിൽ സംഭവിക്കേണ്ടത്. 'ദൈവത്തിലേക്കുള്ള മാനസാന്തരം' എന്ന പ്രയോഗം കൊണ്ട് ബൈബിൾ അർത്ഥമാക്കുന്നത് ഇതാണ്. (പ്രവ.20:21).

പക്ഷേ ഇന്നു നടക്കുന്ന മാനസാന്തരങ്ങൾ ഈ നിലയിൽ ദൈവത്തിങ്കലേക്കുള്ള മാനസാന്തരങ്ങളാണോ? മാനസാന്തരത്തോടെ സ്വാർത്ഥകേന്ദ്രീകൃതമായ ഒരു ജീവിതത്തോടു വിടപറഞ്ഞ് ദൈവം കേന്ദ്രത്തിൽ വരുന്ന ഒരു ജീവിതത്തിലേക്കുള്ള മാറ്റം സംഭവിക്കുന്നുണ്ടോ?. ഇല്ലെങ്കിൽ അത്തരം മാനസാന്തരങ്ങളെ മാനസാന്തരങ്ങളെന്നു പറയാമോ?

നിർഭാഗ്യവശാൽ ഇന്നു പല മാനസാന്തരങ്ങളിലും ഇതു സംഭിവിക്കുന്നില്ല. സ്വാർത്ഥപരമായ ഒരു ജീവിതത്തോട് അവർ വിടപറയുന്നില്ല. മാനസാന്തരത്തിനു ശേഷവും അവരുടെ ജീവതത്തിന്റെ കേന്ദ്രത്തിൽ അവർ തന്നെയാണ്. പിന്നെയും എല്ലാം അവരെ കേന്ദ്രീകരിച്ചാണു കറങ്ങുന്നത്. മാനസാന്തരത്തിനു മുൻപ് അവർ ദൈവത്തെ കൂടാതെ സ്വാർത്ഥരായി അഹന്ത കേന്ദ്രീകൃതമായ ഒരു ജീവിതം ജീവിച്ചു. മാനസാന്തരത്തിനു ശേഷം ദൈവത്തെ കൂടെ കുട്ടിക്കൊണ്ട് സ്വാർത്ഥരായി സ്വയം കേന്ദ്രീകൃതമായ ഒരു ജീവിതം അവർ തുടരുന്നു. ഇത്രയേ ഉള്ളു വ്യത്യാസം, മാനസാന്തരത്തോടെ 'ഞാൻ ദൈവത്തിനുവേണ്ടി' എന്ന മനോഭാവത്തിൽ അവർ എത്തേണ്ടതായിരുന്നു. പക്ഷേ അവർ എത്തിച്ചേർന്നതോ 'ദൈവം എനിക്കുവേണ്ടി' എന്ന മനോഭാവത്തിലും,

ഇതുമൂലം എന്താണു സംഭവിക്കുന്നത്. തങ്ങളുടെ സ്വാർത്ഥപരമായ ലക്ഷ്യങ്ങൾ സാധിക്കാനുള്ള ഒരു ഉപാധിയായി. അതിനുള്ള ഉപകരണമായി ദൈവത്തെയും അവർ കാണാൻ തുടങ്ങി. ഞാൻ ദൈവമകനല്ലേ? എനിക്ക് വീട് വേണം, വണ്ടി വേണം, പണം വേണം. ഇതെല്ലാം തരാൻ ദൈവം ബാധ്യസ്ഥനാണ്. അത്ഭുതവിളക്കു കിട്ടിയ അലാവുദീന്റെ കഥയിലെ ജിന്നിന്റെ സ്ഥാനമാണു ദൈവത്തിന്. ആഗ്രഹിക്കുന്ന തെല്ലാം തരാൻ ദൈവത്തിനു ചുമതലയുണ്ട്. ആഗ്രഹങ്ങളെ, സ്വപ്നങ്ങളെ സാക്ഷാത്ക്കരിക്കാനുള്ള ഒരു ഉപാധി മാത്രമാണ് എനിക്കു ദൈവം. ഇവിടെ ഞാൻ ദൈവത്തിനുവേണ്ടിയല്ല മറിച്ച് 'ദൈവം എനിക്കുവേണ്ടിയാണ്.' ഇന്നു ക്രിസ്തീയ ഗോളത്തെ കീഴടക്കിയിരിക്കുന്ന സമൃദ്ധിയുടെ സുവിശേഷത്തിന്റെ അടിസ്ഥാനപരമായ തകരാർ ഇതാണ്.

വലിയവനായ ദൈവത്തിന് എന്നെ വിലയ്ക്ക് വാങ്ങുവാൻ പ്രസാദമായി. ഞാൻ വിലകൊടുത്തു വാങ്ങപ്പെട്ടു. ഇനി ഞാൻ എനിക്കുള്ളവനല്ല (1 കൊരിന്ത്യർ 6:19,20). ദൈവം എനിക്കുവേണ്ടിയല്ല മറിച്ച് ഞാൻ ദൈവത്തിനുവേണ്ടിയാണ് എന്ന് ഗ്രഹിക്കുന്നിടത്താണ് മാനസാന്തരം യാഥാർത്ഥ്യമായി തീരുന്നത്.



# ചെന്നായ്ക്കൾ ഉണ്ട് സൂക്ഷിക്കുക



പൗലൊസ് യെരുശലേമിലേക്കുള്ള യാത്രാമധ്യേ എഫേസൊസ് എന്ന സ്ഥലത്തെ സഭയിലെ മുപ്പന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടിയതിനെക്കുറിച്ച് അപ്പോസ്തലപ്രവൃത്തി 20-ാം അധ്യായത്തിൽ നാം വായിക്കുന്നു. എഫേസൊസിലെ ആളുകളോട് പൗലൊസ് ഇങ്ങനെ പറഞ്ഞു: "ഞാൻ നിങ്ങളെ അവസാനമായി കാണുകയാണ്. നിങ്ങളോടുള്ള എന്റെ അന്ത്യസന്ദേശവുമാണിത്. ഇനി നിങ്ങൾ ഒരിക്കലും എന്റെ മുഖം കാണുകയില്ല (പ്രവൃത്തി 20:25)

ഈ മുഖവുരയ്ക്കുശേഷം പൗലൊസ് എഫേസ്യരോടുള്ള തന്റെ അവസാന സന്ദേശം ഇങ്ങനെ അറിയിച്ചു: "ഞാൻ നിങ്ങളോടൊപ്പം മുമ്പുണ്ടായിരുന്നല്ലോ. ഞാൻ എന്തിനുവേണ്ടിയാണു നിലകൊണ്ടതെന്നു നിങ്ങൾക്കറിയാം. ഞാൻ താഴ്മയോടും കണ്ണീരോടുംകൂടെ നിങ്ങളെ സേവിച്ചു. ഞാൻ നിങ്ങളുടെ സഭയിൽ പ്രസംഗിച്ചിട്ടുണ്ട്. വീടുകൾ തോറും ഉപദേശിച്ചിട്ടുമുണ്ട്. വലിയ കഷ്ടങ്ങളുടെയും പീഡനങ്ങളുടേയും മധ്യത്തിലാണ് ഞാൻ അങ്ങനെ ചെയ്തിരിക്കുന്നത്. എന്നാൽ ഞാൻ പ്രയോജനമുള്ള ഒന്നും നിങ്ങളിൽ നിന്നു മറച്ചുവച്ചിട്ടില്ല.

തുടർന്ന് കണ്ണീരോടെ പൗലൊസ് അവർക്ക് ഇങ്ങനെ മുന്നറിയിപ്പു നൽകി "ഞാൻ പോയിക്കഴിയുമ്പോൾ സഭയിൽ സംഭവിക്കാൻ പോകുന്നതു മുൻകൂട്ടിക്കണ്ടുകൊണ്ട് കഴിഞ്ഞ മൂന്നു സംവത്സരമായി രാവും പകലും കണ്ണീരോടെ ഞാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ആ മുന്നറിയിപ്പ് നിങ്ങൾ ഒരു പ്രാവശ്യം കൂടെ ഇപ്പോൾ കേൾക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു" (20:31).

പൗലൊസ് മുൻകൂട്ടിക്കണ്ട വരാൻ പോകുന്ന ആ വിപത്ത് എന്തായിരുന്നു?. എന്തിനെക്കുറിച്ചാണ് പൗലൊസ് പരസ്യമായും രഹസ്യമായും സഭയിലും വീടുകളിലും ചെന്ന് അവർക്ക് ആവർത്തിച്ചു മുന്നറിയിപ്പ് നൽകിയത്? പ്രാർത്ഥനാവീരനായ വിശുദ്ധനായ ഈ മനുഷ്യനെ വരാൻ പോകുന്ന എന്തു കാര്യമാണ് ആഴത്തിൽ ഉലച്ചത്?



സമൂഹത്തിൽ നിന്നും ഭരണകൂടത്തിൽ നിന്നും വരാൻ പോകുന്ന സമ്മർദ്ദങ്ങളും പീഡനങ്ങളുമായിരുന്നില്ല പൗലൊസിന്റെ മുന്നറിയിപ്പിന്റെ ഹേതു.

സഭയ്ക്ക് പുറത്തുള്ള എന്തെങ്കിലും കുഴപ്പങ്ങളെക്കുറിച്ചല്ല പൗലൊസ് മുന്നറിയിപ്പുനൽകിയത്. ദൈവാലയത്തിന്റെ നാലുഭിത്തികൾക്കുള്ളിൽ നിന്ന് ഉണ്ടാകാൻ പോകുന്ന ഒന്നിനെക്കുറിച്ചായിരുന്നു പൗലൊസിന്റെ ഉൽക്കണ്ഠ. ശുശ്രൂഷയിൽ പ്രത്യേകിച്ച് ഇടയന്മാരിൽ സംഭവിക്കാൻ പോകുന്ന ഒന്നിനെക്കുറിച്ചായിരുന്നു പൗലൊസിന്റെ മുന്നറിയിപ്പ്. സഭയിലേക്ക് കടന്നുവരുന്ന വഞ്ചകരായ ആളുകളെ കൈകൊണ്ട് ഉണ്ടാകാൻ പോകുന്ന നാശത്തെക്കുറിച്ചുള്ള താക്കീതായിരുന്നു അത്.

തന്റെ അന്ത്യ സന്ദേശത്തിൽ പൗലൊസിന്റെ ഹൃദയത്തിലെ നിലവിളി ഇതായിരുന്നു "ശുശ്രൂഷകന്മാരേ, ഇടയന്മാരേ, ശ്രദ്ധിക്കുക. നിങ്ങളേയും നിങ്ങളുടെ ജനത്തേയും സൂക്ഷിച്ചുകൊൾക. "അവിടുത്തെ പരിശുദ്ധരക്തത്താൽ വിലയ്ക്കു വാങ്ങിയ സഭയെ ദൈവത്തിന്റെ സഭയെ, സൂക്ഷിക്കാനായി പരിശുദ്ധാത്മാവ് നിങ്ങളെ ഏല്പിച്ചിരിക്കുന്നു." (28:28) "അല്ലെങ്കിൽ ഇക്കാര്യം ഇങ്ങനെ പറയാം, അല്ലയോ അധ്യക്ഷന്മാരെ, ഇടയന്മാരെ, നേതാക്കളേ-നിങ്ങളുടെ ആട്ടിൻപറ്റത്തെ പരിപാലിച്ചുകൊൾക. അവരെ സജ്ജമാക്കുക. ദൈവത്തിന്റെ ശുദ്ധവചനംകൊണ്ട് അവരെ നിറയ്ക്കുക. കൊടിയ ചെന്നായ്ക്കളും വഞ്ചകന്മാരും വരുന്നു. അവർ ദുർബലരായ ആടുകളെ ഉന്നം വയ്ക്കും."

"ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കുമെന്നു ഞാനറിയുന്നു. നിങ്ങളുടെ ഇടയിൽ നിന്നുതന്നെ ആളുകൾ എഴുന്നേറ്റ് തെറ്റായ കാര്യങ്ങൾ പറഞ്ഞ് ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ ആകർഷിച്ചുകൊണ്ടുപോകും. അതുകൊണ്ട് ജാഗരൂകമായിരിക്കുക" (20:29-31).

എഫേസോസിലെ സഭയുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് പൗലൊസിനു നല്ലതേ പറയാനുള്ളു "ഇപ്പോൾ നിങ്ങൾ അനുഗ്രഹിക്കപ്പെട്ട ഒരു സഭയാണ്. നിങ്ങൾ വിശ്വസ്തരാണ്. വിശ്വാസികളുടെ ശക്തമായ ഒരു കൂട്ടം. നിങ്ങൾക്ക് ബലമുള്ള ഒരടിത്തറയുമുണ്ട്."

പിന്നീട് എഫേസ്യയെക്കുറിച്ച് വെളിപ്പാടുപുസ്തകത്തിൽ കർത്താവും ഇതു തന്നെയാണ് പറയുന്നത് "നിങ്ങൾ ക്ഷമയുള്ളവരും ഫലം കായിക്കുന്നവരുമാണ്. നിങ്ങൾ തിന്മയോടു യോജിക്കുന്നില്ല. നിങ്ങൾ എല്ലാ വ്യാജപ്രവാചകന്മാരെയും തുറന്നുകാട്ടുന്നു."

ഇപ്പോൾ സഭ ഇങ്ങനെയാണെങ്കിലും പൗലൊസ് അവർക്കു നൽകുന്ന മുന്നറിയിപ്പു ശ്രദ്ധിക്കുക "നിങ്ങൾ ഇത്രയും അനുഗൃഹിതരാണെങ്കിലും നിങ്ങളുടെ സഭയും വരാൻപോകുന്ന ആ കൊടിയ ചെന്നായ്ക്കളുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുമെന്നു കരുതരുത്. അല്ലെങ്കിൽ നിങ്ങൾ എന്റെ മുന്നറിയിപ്പ് അതീവ ഗൗരവമായി എടുക്കണം. അല്ലാത്തപക്ഷം ദൈവഭയമില്ലാത്ത, തെറ്റായ ഒരു ശുശ്രൂഷ ഉയർന്നുവന്ന് ഈ ജനത്തെ വാണിഭമാക്കും." വെളിപ്പാട് രണ്ടാം അധ്യായത്തിൽ ക്രിസ്തുവും ഇതേ മുന്നറിയിപ്പാണു കൊടുക്കുന്നത് "നിങ്ങൾ, നിങ്ങളുടെ ആദ്യസ്നേഹം വിട്ടുകളഞ്ഞിരിക്കുന്നു. അനുതപിക്കുക. മാനസാന്തരപ്പെടുക. അല്ലാത്തപക്ഷം നിങ്ങളുടെ നിലവിളക്ക്, ലോകത്തിനു മുമ്പിലുള്ള നിങ്ങളുടെ ജ്വലിക്കുന്ന സാക്ഷ്യം, ഞാൻ നീക്കിക്കളയും."



# ബാലവേദി

## സ്നേഹവും ഈഗോയും

കടലിന്റെ നടുവിൽ അങ്ങ് ദൂരെയായി ഒരു ദ്വീപുണ്ട്. അതിലായിരുന്നു എല്ലാത്തരത്തിലുള്ള വികാരങ്ങളും താമസിച്ചിരുന്നത്. സ്നേഹം, ദേഷ്യം, സന്തോഷം, സങ്കടം, അസൂയ അങ്ങനെ തുടങ്ങി, അഹംഭാവം എന്നറിയപ്പെടുന്ന ഈഗോ വരെ ആ ദ്വീപിലാണ് കഴിഞ്ഞുകൂടിയിരുന്നത്.

ഒരു ദിവസം പെട്ടെന്ന് കടലിലെ വെള്ളം ഉയരാൻ തുടങ്ങി. വെള്ളം ഉയർന്ന് വൈകാതെ തന്നെ ദ്വീപ് വെള്ളത്തിനടിയിലാവും. വികാരങ്ങൾ എന്തുചെയ്യണമെന്നറിയാതെ പരിഭ്രാന്തരായി. എല്ലാവരുടെയും പേടി കണ്ടപ്പോൾ സ്നേഹം ഒരു വഞ്ചി തയ്യാറാക്കി. എല്ലാവരും സന്തോഷത്തോടെ അതിലേക്ക് ചാടിക്കയറി. വഞ്ചി പുറപ്പെടാൻ നേരം സ്നേഹം ദ്വീപിലേക്ക് നോക്കി. അപ്പോ ഇതാ ഒരു വികാരം മാത്രം വഞ്ചിയിൽ കയറാതെ കരയിൽ നിൽക്കുന്നു. ഈഗോ എന്ന വികാരമായിരുന്നു അത്. അവൻ ഒരു കുലുക്കവുമില്ലാതെ നിൽക്കുകയാണ്.

സ്നേഹം വഞ്ചിയിൽ നിന്നിറങ്ങി ഈഗോയെ വിളിച്ചു: “ചങ്ങാതീ, വേഗം കയറു. അല്ലെങ്കിൽ അപകടമാണ്.”

എന്നാൽ, ഈഗോ അത് കേട്ടതായി ഭാവിച്ചില്ല. അവൻ നിന്നിടത്തുനിന്ന് അനങ്ങാനും പോയില്ല.

വെള്ളം ഉയർന്നുകൊണ്ടേയിരുന്നു. സ്നേഹം വീണ്ടും വിളിച്ചു. എന്നിട്ടും ഈഗോയ്ക്ക് ഒരു കൂസലുമില്ല. ഇതുകണ്ട് മറ്റുവികാരങ്ങൾ പറഞ്ഞു: “സ്നേഹമേ, നീ അവനെ അവിടെ വിട്ടിട്ട് വേഗം വന്ന് വഞ്ചിയിൽ കയറ്. നമുക്ക് പോകാം. പക്ഷേ, സ്നേഹത്തിന് അങ്ങനെ വിട്ടിട്ടു പോരാൻ കഴിയില്ലല്ലോ. സ്നേഹം അവനെ കൂട്ടിക്കൊണ്ടുവരാൻ ആവുന്നത്ര ശ്രമിച്ചുകൊണ്ടേയിരുന്നു. എന്തുചെയ്തിട്ടും ഈഗോ അനങ്ങുന്നുമില്ല. വെള്ളം കയറിക്കൊണ്ടേയിരുന്നു. ഒടുവിൽ ഈഗോയോടൊപ്പം സ്നേഹവും ആ ദ്വീപിൽ മുങ്ങിമരിച്ചു. മറ്റുള്ളവർ വഞ്ചിയിൽ രക്ഷപ്പെട്ടു. ഈഗോ അല്ലെങ്കിൽ അഹംഭാവം കാരണം സ്നേഹം മരിക്കുമെന്നാണ് ഈ കഥ നമ്മെ പഠിപ്പിക്കുന്നത്.




## സ്ഥലപ്പേരിലെ കൗതുകം



അക്ഷരങ്ങളും വാക്കുകളുമൊക്കെ വായിക്കാൻ ചിലർ നേരിടുന്ന ബുദ്ധിമുട്ടിന് പറയുന്ന പേരാണ് ‘ഡിസ്ലെക്സിയ’ (Dys-lexia ) ലോകപ്രശസ്തമാണ് ബ്രിട്ടനിലെ ഡിസ്ലെക്സിയ റിസർച്ച് ട്രസ്റ്റ്. ഇത് സ്ഥിതിചെയ്യുന്ന ടൗണിന്റെ പേര് എന്താണെന്നോ? റീഡിങ്!

## ഹീലിയം




1868 ഓഗസ്റ്റ് 18-ലെ സൂര്യഗ്രഹണം നിരീക്ഷിക്കാൻ ഇന്ത്യയിൽ എത്തിയ ജൂൾസ് ജാൻസൺ (Plerre Jules Cesar Jansen) എന്ന ഫ്രഞ്ച് ശാസ്ത്രജ്ഞനും സംഘവും ഗുണ്ടൂരിൽ വെച്ച് ഒരു മൂലകത്തെ തിരിച്ചറിഞ്ഞു. പിന്നീട് ഗ്രീക്ക് മിത്തോളജിയിലെ സൂര്യന്റെ പേരിൽനിന്ന് ഇതിനെ നാമകരണം ചെയ്തു.
ഹീലിയോസ് (Helios) എന്നാൽ ഗ്രീക്ക് ഭാഷയിൽ സൂര്യൻ എന്നാണർഥം. ഇതിന്റെ കാരണമെന്താണെന്നറിയാമോ? സൂര്യനിലാണ് ഹീലിയത്തെ ആദ്യമായി കണ്ടെത്തിയത്. സൂര്യനിലും മറ്റ് നക്ഷത്രങ്ങളിലും ഹൈഡ്രജൻഫ്യൂഷൻ വഴിയാണ് ഊർജോത്പാദനം നടക്കുന്നത്. ഇതിന്റെ ഫലമായി സൃഷ്ടിക്കപ്പെടുന്ന മൂലകം ഹീലിയമാണ്.

## ശത്രു രക്ഷകനായപ്പോൾ

കീഴടങ്ങാനും പെട്ടെന്നുതന്നെ എല്ലാവർക്കും വൈദ്യസഹായം നൽകാനുമായിരുന്നു സ്റ്റിഗ്‌ലർ ചാർലിയോട് പറയാൻ ശ്രമിച്ചത്. പക്ഷേ, പരിഭ്രാന്തനായ ചാർലിക്ക് അതൊന്നും മനസ്സിലായില്ല. അദ്ദേഹം രക്ഷതേടി പറന്നു. B-17നെ കുറച്ചു ദൂരംകൂടി പിന്തുടർന്ന സ്റ്റിഗ്‌ലർ, ചാർലിക്ക് ഒരു സല്യൂട്ട് നൽകിയശേഷം തിരിച്ചു പറന്നു.

B-17നെ തങ്ങളുടെ പാളയത്തിൽ സുരക്ഷിതമായി എത്തിക്കാൻ ചാർലിക്ക് കഴിഞ്ഞു. അദ്ദേഹം അജ്ഞാതനായ ആ രക്ഷകന് മനസ്സിൽ നന്ദി പറഞ്ഞു. എന്നാൽ സ്റ്റിഗ്‌ലറോ? B-17നെ താൻ വെടിവെച്ച് കടലിലിട്ടു എന്നായിരുന്നു അദ്ദേഹം മേലധികാരികളോട് റിപ്പോർട്ട് ചെയ്തത്. കാരണം ശത്രുവിനെ വെറുതെവിടുന്നത് ഗുരുതരമായ കുറ്റകൃത്യമാണെന്ന് ആ പോരാളിക്ക് അറിയാമായിരുന്നു.



രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു. ചാർലി ബ്രൗൺ റിട്ടയർ ചെയ്തശേഷം മിയാമിയിൽ താമസമായി. അദ്ദേഹം ഇടയ്ക്കക്കൊക്കെ തന്റെ ‘രക്ഷകനായ ശത്രു’വിനെ ഓർക്കും. ആ മനുഷ്യനെ കണ്ടെത്താനായി ചാർലി ബ്രൗൺ ശ്രമം തുടങ്ങി. പല യുദ്ധകാല രേഖകളും അദ്ദേഹം പരിശോധിച്ചു. പക്ഷേ, ഏതായിരുന്നു ആ ജർമൻ ഫൈറ്റർ എന്ന് ചാർലിക്ക് കണ്ടെത്താനായില്ല. നിരാശനായ ചാർലി അന്വേഷണം അവസാനിപ്പിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം ചാർലിക്ക് ഒരു കത്ത് കിട്ടി!

‘ഞാനാണ് ആ രക്ഷകനായ ശ്രതു!–സ്റ്റിഗ്‌ലർ.’ ഇതായിരുന്നു ആ കത്തിന്റെ ഉള്ളടക്കം. കാനഡയിൽ നിന്നായിരുന്നു സ്റ്റിഗ്‌ലർ ആ കത്തയച്ചത്.

1990–ൽ സ്റ്റിഗ്‌ലറും ചാർലിയും കണ്ടുമുട്ടി. കുഞ്ഞുനാളിലെ കളിച്ചങ്ങാതിമാരെപ്പോലെ ആ മുൻകാല ശത്രുപൈലറ്റുമാർ കെട്ടിപ്പിടിച്ചു. അന്നുമുതൽ 2008 മാർച്ചിൽ സ്റ്റിഗ്‌ലർ അന്തരിക്കുംവരെ അവർ ആ സൗഹൃദം നിലനിർത്തി. അതേ വർഷം നവംബറിൽ ചാർലി ബ്രൗണും അന്തരിച്ചു.




## കടുപ്പത്തിൽ ഒരു വാക്ക്

ഇംഗ്ലീഷിലെ അപൂർവമായ വാക്കുകൾ പരിചയപ്പെടുത്തുന്ന പംക്തി

കാര്യങ്ങൾ വളച്ചുകെട്ടി പറയുന്നവരെ നമ്മൾ പലപ്പോഴും കാണാറുണ്ട്. വളച്ചുകെട്ടി പറയുന്നതിനെ ഇംഗ്ലിഷിൽ ‘Circumlocution’ (സ(ർ) കംലൊക്യൂഷൻ) എന്നാണ് പറയുന്നത്.

‘Circum’ എന്ന വാക്കിന്റെ അർഥം ചുറ്റും എന്നാണ്. ‘Locution’ എന്ന വാക്കിന്റെ അർഥം ‘സംസാരിക്കൽ’ എന്നും. അങ്ങനെ ‘ചുറ്റിവളഞ്ഞ്’ സംസാരിക്കുന്നതിനെ കാണിക്കാൻ ‘Circumlocution’ എന്ന വാക്ക് ഉപയോഗിച്ചു തുടങ്ങി.

‘എന്തിന്റെയെങ്കിലും ചുറ്റും’ എന്ന ആശയത്തെ കാണിക്കാനാണ് ‘Circumambient’ എന്ന പദം ഉപയോഗിക്കുന്നത്. ‘Ambient’ എന്ന പദത്തിന്റെ ശരിക്കുള്ള അർഥം ‘തൊട്ടടുത്ത പരിസരം’ എന്നാണ്. ഉദാഹരണമായി ‘the area circumambient the garden’ എന്നു പറഞ്ഞാൽ പൂന്തോട്ടത്തിനു ചുറ്റുമുള്ള പരിസരം എന്നർഥം.


ഇങ്ങനെ ഒരു ഭാഷയിൽ പുതിയ വാക്കുകൾ ഉണ്ടാക്കുന്ന രീതിക്ക് പറയുന്ന പേരാണ് ‘neologism’ (നിയോലജിസം). ഏതെങ്കിലും ഒരു മേഖലയിലെ തുടക്കക്കാരനെ വിളിക്കുന്ന പേരാണ് ‘neophyte’ (നീയഫൈറ്റ്).

പുതിയ ഏതെങ്കിലും മേഖലയിലെ തുടക്കക്കാരൻ എന്ന അർഥത്തിൽ ഉപയോഗിക്കാവുന്ന മറ്റൊരു ഇംഗ്ലിഷ് വാക്കാണ് ‘novice’. ഏതെങ്കിലും മേഖലയിൽ വളരെ അനുഭവസമ്പത്തുള്ളയാളെ കാണിക്കാൻ ‘veteran’ (വെറ്ററൻ) എന്ന വാക്കുപയോഗിക്കുന്നു.

## കണ്ടുപിടിത്തങ്ങൾ

കാഴ്ചശക്തി ഇല്ലാത്തവർ പുസ്തകത്തിലൂടെ വിരലോടിച്ചാണ് വായിക്കുക. ഇതിന് സഹായിക്കുന്ന ലിപിയാണ് ബ്രെയിലി. ഈ ലിപി വികസിപ്പിക്കു മ്പോൾ ലൂയി ബ്രെയിലിക്ക് വെറും പതിനഞ്ച് വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ.



വെള്ളത്തിനടിയിൽ വച്ച് പരസ്പരം സംസാരിക്കാൻ സഹായിക്കുന്ന ഉപകരണമാണ് വാട്ടർ ടോക്കി. 1996–ൽ റിച്ചി സാച്ചോവ്സ്കി എന്ന പതിനൊന്നുകാരനാണ് ഇത് കണ്ടുപിടിച്ചത്

# അനുതാപവും രൂപാന്തരവും



ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

"പത്രൊസ് പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു" (ലൂക്കോസ് 22: 62)

മൂന്നരവർഷത്തോളം യേശുവിനെ ഏറ്റവും ഉത്സാഹത്തോടെ പിൻപറ്റിയിട്ടും മൂന്നുതവണ തന്റെ പ്രിയ കർത്താവിനെ തള്ളിപ്പറഞ്ഞുപോയ പത്രോസിനെ ഈ ആഴമേറിയ അനുതാപത്തിലേക്ക് നയിച്ചത് എന്താണെന്നു നാം ചിന്തിച്ചിട്ടുണ്ടോ? പത്രോസ് അതിനിടയിൽ അനുതാപത്തെക്കുറിച്ച് ഒരു 'തീപ്പൊരി' പ്രസംഗം കേട്ടുവോ? ഇല്ല. അതോ മറ്റു ശിഷ്യമാർ ആരെങ്കിലും പത്രോസിന് അയാളുടെ പാപത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തിക്കൊടുത്തോ? ഇല്ല. പിന്നെ എന്താണ് സംഭവിച്ചത്? അത് നാം തൊട്ടുമുന്നിലുള്ള വചനത്തിൽ വായിക്കുന്നു:

"അപ്പോൾ കർത്താവ് തിരിഞ്ഞു പത്രൊസിനെ ഒന്നു നോക്കി: ഇന്നു കോഴി കൂകും മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്ന് കർത്താവ് തന്നോടു പറഞ്ഞ വാക്ക് പത്രൊസ് ഓർത്തു പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു" (ലൂക്കോസ് 22:61,62).



അതേ, യേശുവിന്റെ സ്നേഹവാത്സല്യങ്ങൾ നിറഞ്ഞ, കരുണാർദ്രമായ ഒരു നോട്ടമാണ് പത്രാസിനെ അവിടുത്തെ വാക്കുകൾ ഓർപ്പിക്കയും ഹൃദയം നുറുങ്ങി അനുതപിക്കാൻ ഇടയാക്കുകയും ചെയ്തത്.

പ്രിയ ദൈവമക്കളേ, ഇന്ന് നമുക്ക് ഹൃദയവേദനയോടെ അനുതപിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? യേശുവിന്റെ സ്നേഹം നിറഞ്ഞ മുഖം നമ്മെ ഇപ്പോഴും നോക്കിക്കൊണ്ടിരിക്കുകയാണെന്നു നാം തിരിച്ചറിയുന്നുണ്ടോ? അങ്ങനെയെങ്കിൽ യേശുവിനെ കണ്ട പത്രോസ് അവിടുത്തെ സ്നേഹം നിറഞ്ഞ വാക്കുകൾ ഓർത്തതുപോലെ നാമും, യേശു നമുക്കു മനസ്സിലാക്കിത്തന്ന തിരുവചനങ്ങളുടെ ഉന്നത നിലവാരങ്ങൾ ഓർക്കുവാൻ ഇടയാകും. ആ വചനങ്ങൾ അനുസരിച്ച് ജീവിക്കുവാൻ നമുക്ക് കഴിയാതെപോയ നിമിഷങ്ങളെയോർത്ത് നാം അനുതപിക്കും. അങ്ങനെ പരിശുദ്ധാത്മാവിനാൽ നമ്മിൽ പകരപ്പെടുന്ന ദൈവസ്നേഹം (റോമ.5:5) നമുക്ക് ദൈവവചനം ജീവനുള്ളതാക്കിത്തരുമ്പോഴാണ് അനുതാപത്തിന്റെ ആഴങ്ങളിലേക്ക് നാം ഇറങ്ങിച്ചെല്ലുന്നത്......അതേ, യേശുവിന്റെ ദയയാണ്, മറിച്ച് ശിക്ഷാവിധിയെക്കുറിച്ചുള്ള ഭീഷണി സ്വരമല്ല, നമ്മെ മാനസാന്തരത്തിലേക്ക് നയിക്കുന്നത് (റോമ.2:4).

ആത്മീയ പക്വതയിലേക്ക് വളരുന്നതിനെക്കുറിച്ച് എബ്രായ ലേഖനത്തിൽ പ്രതിപാദിക്കുന്ന ഇടത്ത് അതിനായുള്ള അടിസ്ഥാനത്തിന്റെ ആദ്യത്തെ ഘടകം തന്നെ നിർജ്ജീവപ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരമാണ് എന്ന് വ്യക്തമാക്കുന്നു (എബ്രാ.6:1,2).

എന്താണ് നിർജ്ജീവപ്രവൃത്തി? ജീവനില്ലാത്ത, സ്നേഹത്തിന്റെ ഊഷ്മളതയില്ലാത്തതെന്തോ അതുതന്നെ. നാം ദൈവികമാണെന്നു കരുതുന്ന നമ്മുടെ പല പ്രവൃത്തികളും വാക്കുകളും ചിന്തകളും മനോഭാവങ്ങളുമെല്ലാം യേശുവിനോടുള്ള നിർമ്മലമായ, നിർവ്യാജമായ, സ്നേഹത്തിൽ നിന്ന് ഉത്ഭവിക്കുന്നവയല്ലെങ്കിൽ അവ നിർജ്ജീവമാണ്. കേവലം മതഭക്തിയാണ്.

അന്ന് ന്യായാസനത്തിനു മുമ്പിൽ നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിന്റെ ഉദ്ദേശ്യങ്ങൾവരെ വെളിപ്പെടുമെന്നാണ് നാം തിരുവചനത്തിൽ വായിക്കുന്നത് (1 കൊരി. 4:5) നമ്മുടെ ജീവിതത്തിൽ നിത്യമായ മൂല്യമില്ലാത്തവ (നിർജ്ജീവപ്രവൃത്തികൾ) ദൈവാത്മാവിന്റെ അഗ്നിയിൽ മരവും പുല്ലും വൈക്കോലും എന്നപോലെ കത്തിയെരിയും എന്നാണ് നാം 1 കൊരി.3:12-15 വരെയുള്ള വചനങ്ങളിൽ നിന്ന് മനസ്സിലാക്കുന്നത്. ദൈവാത്മാവിനാൽ നമ്മിലും നമ്മിലൂടെയും ഉളവായതു മാത്രമേ അന്ന് ദൈവാത്മാവിന്റെ തീയിൽ പൊന്നും വെള്ളിയും വിലയേറിയ കല്ലുകളുമായി കടന്നുപോയി നിലനിൽക്കുകയുള്ളൂ. നമ്മുടെ ജീവിതത്തെ ഒരു കെട്ടിടത്തോടാണ് ഉപമിച്ചിട്ടുള്ളത് (വാ.9). നമ്മുടെ ജീവിതമാകുന്ന ഈ കെട്ടിടം ഒരു ഗോപുരം എന്നപോലെ അനുദിനം മുകളിലേക്ക് പണിയപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ്. പുല്ലും വൈക്കോലുമൊക്കെ പണിക്കുപയോഗിച്ചാൽ അവ പെട്ടെന്ന് ഇടിഞ്ഞു വീഴുകയല്ലേയുള്ളൂ. മരവും പുല്ലും വൈക്കോലും (നിർജ്ജീവപ്രവൃത്തികൾ) നീക്കിക്കളയാതെ മുകളിലേക്കുള്ള പണി സാധ്യമല്ലതന്നെ! യേശു നടന്നതുപോലെ നടക്കാൻ (1 യോഹ.2:6) ആഗ്രഹിച്ചിട്ടും അതിനു നമുക്ക് കഴിയാത്തതിന്റെ കാരണം എന്താണ്? നിർമ്മലമായ സ്വഭാവത്തിനു ചേരാത്തതായി എന്തൊക്കെയാണ് നമ്മിലുള്ളത്? അവിടുത്തെ മുഖപ്രകാശത്തിൽ (സങ്കീ.67:1, 89:15) നമ്മുടെ ജീവിതത്തിന്റെ വിവിധമേഖലകളെ വിധിക്കുവാൻ നമുക്ക് കർത്താവിനെ അനുവദിക്കാം.

തന്നെ വിധിക്കുന്നത് താനല്ല, കർത്താവാണെന്നാണല്ലോ പൗലോസും പറയുന്നത്. നമ്മുടെ ബുദ്ധിയിലൂടെ നമ്മുടെ കുറവുകൾ കണ്ടെത്താൻ സ്വയം ശ്രമിച്ചാൽ നാം വേഗം ക്ഷീണിച്ചു മടുത്തുപോകും. ഹൃദയങ്ങളെ അറിയുന്ന കർത്താവിന്റെ കരങ്ങളിലേക്ക് നമുക്ക് നമ്മെത്തന്നെ ഏൽപ്പിക്കാം. അവിടുത്തെ ജീവന്റെ പ്രകാശത്തിൽ നമുക്കു നമ്മുടെ ജീവിതത്തിന്റെ പ്രകാശം കാണാം (സങ്കീ. 36:9).

യേശുവിന്റെ മനോഭാവമാണോ നമുക്ക് ദൈവത്തോടും ഓരോ മനുഷ്യനോടും ഉള്ളതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

ഓരോ കാര്യത്തിലുമുള്ള നമ്മുടെ ഉദ്ദേശ്യങ്ങളും തീരുമാനങ്ങളും പൂർണ്ണമായും കർത്താവിന്റെ മഹത്വത്തിനുവേണ്ടിയായിരുന്നോ?.....

നമ്മുടെ ഹൃദയത്തിന്റെ ഉള്ളിന്റെയുള്ളിലുള്ള തീവ്രമായ ആഗ്രഹം എന്താണ്? ദാവീദ് പാടിയതുപോലെ അത് കർത്താവിന്റെ മനോഹരത്വം കാൺമാനാണോ? (സങ്കീ.27:4).

നമ്മുടെ വികാരങ്ങൾ യേശുവിന്റെ മനസ്സലിവിനാൽ ആർദ്രമാക്കപ്പെട്ടതും വിവേകത്താൽ കടിഞ്ഞാണിടപ്പെട്ടതും വിശുദ്ധിയാൽ വെൺമയാക്കപ്പെട്ടതുമാണോ?....



# വിളിയും ദൗത്യവും



**ആ**ടുകളെ മേയിക്കുകയായിരുന്നു മോശെ. അപ്പോഴാണ് അടുത്തുള്ള ഒരു മുൾപ്പടർപ്പിൽനിന്ന് അഗ്നി ഉയരുന്നതുകണ്ടത്. ആളിക്കത്തുന്ന അഗ്നി. പക്ഷേ അതിനിടയിലും ആ മുൾപ്പടർപ്പ് പച്ചകെടാതെ നിൽക്കുന്നു. ഇതെന്തു വിസ്മയം! കൗതുകം അടക്കാനാവാതെ അദ്ദേഹം മുൾപ്പടർപ്പിലേക്കു നടന്നടുത്തു.

പെട്ടെന്നൊരു അശരീരി

'മോശെ! മോശെ!'

അദ്ദേഹത്തിനു തന്റെ കാതുകളെ വിശ്വസിക്കാനായില്ല. എങ്കിലും അദ്ദേഹം പറഞ്ഞു:

"ഇതാ, ഞാൻ."

ആ അശരീരി ശബ്ദം ദൈവത്തിന്റേതായിരുന്നു. അവിടുന്ന് അന്നു മോശയെ തേടിയിറങ്ങിയതായിരുന്നു ദൗത്യമേല്പിക്കാൻ.

എന്തായിരുന്നു അന്നു ഹോറേബ് മലയിലെ മുൾപ്പടർപ്പിൽ ദൈവം മോശയ്ക്കു നൽകിയ ദൗത്യം? മിദ്യാനിലെ സുരക്ഷിതത്വവും സുഖജീവിതവും വെടിഞ്ഞ് ഈജിപ്തിലേക്കു മടങ്ങുക. അവിടെ ഫറവോന്റെ ചാട്ടവാറടിയേറ്റു ജീവിക്കുന്ന ഇസ്രയേൽ മക്കളെ രക്ഷിക്കുക.



ഇസ്രയേൽ ജനത്തിന്റെ മോചനം, അതെന്നും മോശയുടെ സ്വപ്നമായിരുന്നു. ഫറവോന്റെ രാജധാനിയിൽ രാജകുമാരനെപ്പോലെയാണ് മോശെ വളർന്നതെങ്കിലും താൻ ഇസ്രായേൽക്കാരനാണെന്നു മോശെയ്ക്ക് അറിയാമായിരുന്നു. തന്മൂലമാണ് ഒരു ഈജിപ്തുകാരൻ ഒരു ഇസ്രായേല്യനെ ക്രൂരമായി മർദ്ദിക്കുന്നതു കണ്ടപ്പോൾ ഒറ്റയടിക്ക് ആ ഈജിപ്തുകാരനെ മോശെ വകവരുത്തിയത്.

പക്ഷേ, ആ സംഭവം കഴിഞ്ഞപ്പോൾ മോശെയ്ക്കു പിന്നെ രാജസന്നിധിയിൽ തുടരാൻ കഴിഞ്ഞില്ല. ഫറവോൻ രാജാവിന്റെ അപ്രീതി ഭയന്ന് അയൽ രാജ്യമായ മിദ്യാനിലേക്ക് അദ്ദേഹത്തിന് ഓടിയൊളിക്കേണ്ടിവന്നു. അവിടെയെത്തി സുന്ദരിയായ ഒരു സ്ത്രീയെ വിവാഹം കഴിച്ചു ജീവിക്കുമ്പോഴാണ് ഹോറേബിലെ മുൾപ്പടർപ്പിൽ വച്ച് ദൈവം മോശെയെ വിളിച്ചത്.

മോശെ ദൈവത്തിന്റെ സ്വരത്തിനു കാതോർത്തുനിൽക്കുമ്പോൾ അവിടുന്നു പറഞ്ഞു: "ഈജിപ്തിലെ എന്റെ ജനത്തിന്റെ അടിമത്തം ഞാൻ കണ്ടു. അവരുടെ നിലവിളി ഞാൻ കേട്ടു. അവരുടെ വേദന ഞാൻ കാണുന്നു. അവരെ രക്ഷിക്കുവാൻ ഞാൻ ഇറങ്ങിവന്നിരിക്കുന്നു. പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്കു ഞാൻ അവരെ കൊണ്ടുപോകും."

മോശെയുടെ കാതിന് ഇമ്പം പകരുന്ന വാക്കുകളായിരുന്നു ഇവ. തന്റെ ജനത്തിന്റെ മോചനം ഉടനേ യാഥാർഥ്യമാകുമല്ലോ എന്നോർത്തു മോശെ സന്തോഷിച്ചു നിൽക്കുമ്പോൾ വീണ്ടും ദൈവത്തിന്റെ സ്വരം. അവിടുന്നു പറഞ്ഞു: "നിന്നെ ഞാനൊരു ദൗത്യമേല്പിക്കുന്നു. നീ ഫറവോന്റെ കൊട്ടാരത്തിലേക്കു പോകണം. എന്റെ ജനത്തെ നീ ഈജിപ്തിൽനിന്നു വിമോചിപ്പിക്കണം."

ദൈവത്തിന്റെ വാഗ്ദാനം മോശെയ്ക്ക് ശക്തിയും ധൈര്യവും നൽകി. ദൈവം ആവശ്യപ്പെട്ടതുപോലെ അദ്ദേഹം ഫറവോന്റെ കൊട്ടാരത്തിലേക്കു പോയി. കഠിനഹൃദയനായ ഫറവോൻ രാജാവ് മോശെയുടെ വാക്കു ചെവിക്കൊണ്ടില്ലെങ്കിലും ദൈവത്തിന്റെ വാഗ്ദാനത്തിലുറച്ചു വിശ്വസിച്ചുകൊണ്ട് തന്റെ ദൗത്യനിർവഹണവുമായി മുന്നോട്ടുപോയി. ദൈവം വാഗ്ദാനം ചെയ്തിരുന്നതുപോലെ അവിടുന്ന് എപ്പോഴും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. മോശെയുടെ ദൗത്യം വിജയിക്കുകതന്നെ ചെയ്തു.

മോശെ തന്റെ ശക്തിയും കഴിവുകളുംകൊണ്ടല്ല വിജയിച്ചത്. അദ്ദേഹത്തിനു ധൈര്യവും ശക്തിയും നൽകി ദൈവം എപ്പോഴും അദ്ദേഹത്തിന്റെ കുടെയുണ്ടായിരുന്നു. ദൈവത്തിന്റെ ഈ സജീവസാന്നിധ്യമാണ് മോശെയെ വിജയത്തിലേക്കു നയിച്ചത്.

മോശെയുടെ കൂടെ അനുനിമിഷം ഉണ്ടായിരുന്ന ദൈവം നമുക്കു ശക്തി പകരുവാൻ നമ്മുടെ കൂടെ എപ്പോഴും ഉണ്ടാകുമോ? തീർച്ചയായും. താൻ നമ്മുടെ മുൻപിലും പിൻപിലും ഇടത്തും വലത്തും എപ്പോഴും ഉണ്ടായിരിക്കുമെന്ന് അവിടുന്നു പ്രവാചകൻ വഴി എത്രയോ തവണ പറഞ്ഞിട്ടുണ്ട്

നാമോരോരുത്തരും ലോകത്തിലേക്കു പിറന്നുവീണ നാൾ മുതൽ അവിടുത്തെ സജീവസാന്നിധ്യം നമ്മിലുണ്ട്. എന്നു മാത്രമല്ല, നമുക്കു ശക്തി പകരാനും നമ്മെ ധൈര്യപ്പെടുത്താനുമായി അവിടുന്ന് എപ്പോഴും തയാറായി നിൽക്കുകയാണ്. എന്നാൽ, നാം ദൈവത്തിലേക്കു തിരിയാതെ അവിടുത്തേക്കു നമ്മെ സഹായിക്കുവാൻ സാധിക്കുകയില്ലെന്നു മാത്രം. അതിന്റെ കാരണമോ? അവിടുന്നു നമ്മുടെ സ്വാതന്ത്ര്യം മാനിക്കുന്നു എന്നതു തന്നെ.

ഹോറേബിലെ മുൾപ്പടപ്പിൽ വച്ചു മോശെയോടു സംസാരിച്ച ദൈവം ഇന്നു നമ്മോടു സംസാരിച്ചുകൊണ്ടു നമ്മോടുകൂടെയുണ്ട്. അന്നു മോശെയ്ക്കു പ്രത്യേകമായ ദൗത്യം നൽകിയ ദൈവം നമുക്കും പ്രത്യേകമായ ജീവിതദൗത്യം നൽകിക്കൊണ്ടു നമ്മെ ശക്തിപ്പെടുത്തുവാൻ തയാറായി നിൽക്കുന്നു.

അവിടുന്ന് ഇന്നു നമുക്കു നൽകുന്ന ദൗത്യമെന്താണ്? അവിടുത്തെ വാക്കുകൾക്കായി നമുക്കു കാതോർക്കാം. നമ്മെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യങ്ങൾ നിർവഹിക്കുവാനായി ദൈവത്തിൽ നിന്നു നമുക്കു ശക്തി സ്വീകരിക്കാം. അവിടുത്തെ സാന്നിധ്യം നമ്മോടുകൂടെയുണ്ട് എന്ന ഉറച്ച ബോധ്യത്തോടെ ധൈര്യപൂർവ്വം നമുക്കു മുന്നോട്ടു പോകാം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ



(തുടർച്ച)

പ്രചാരത്തിലിരിക്കുന്ന ഒരാചാരത്തിന്റെ വെളിച്ചത്തിൽ വെള്ളക്കല്ലിനെ (വെളി.2:17) മനസ്സിലാക്കാൻ ശ്രമിക്കുന്നവരുണ്ട്. അപകടങ്ങൾ ഒഴിവാക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കാനുമായി ശക്തനായ ഒരു ദേവന്റെ പേരെഴുതിയ തകിടോ, കല്ലോ മനുഷ്യർ ശരീരത്തിൽ ധരിക്കുന്ന ആചാരമാണിത്. ദേവന്റെയോ അസുരന്റെയോ പേര് അറിയാമെങ്കിൽ ആ ശക്തിയുടെമേൽ സ്വാധീനം ലഭിക്കുമെന്നും മറ്റാർക്കും ആ പേര് അറിയില്ലെങ്കിൽ സ്വാധീനവും ശക്തിയും അത്രയേറെ വലുതായിരിക്കുമെന്നും ഉള്ള മാന്ത്രികചിന്ത ഇതിനു പിന്നിലുണ്ട്.

2. മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് നല്കപ്പെടുന്ന സാക്ഷ്യപത്രവുമായി ഇതിനെ വ്യാഖ്യാനിക്കുന്നവരുണ്ട്. ഇപ്രകാരമുള്ള സാക്ഷ്യപത്രം ലഭിച്ചവർക്ക് ഏതു മത്സരവും കാണാൻ സൗജന്യമായി പ്രവേശനം അനുവദിച്ചിരുന്നു. ക്രിസ്തു തന്റെ വിശ്വസ്തർക്ക് വിജയത്തിന്റെ സാക്ഷ്യപത്രം നല്കും. അത് അവരെ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അർഹരാക്കും എന്ന സൂചനയാണ് ഈ വ്യാഖ്യാനത്തിൽ നിന്നു ലഭിക്കുന്നത്. 3. കല്ലിന്റെ നിറവും പേരിന്റെ പുതുമയും അടിസ്ഥാനമാക്കി മറ്റൊരു വിശദീകരണം നല്കാറുണ്ട്. 'വെണ്മ' ദൈവിക പരിശുദ്ധിയുടെയും വിജയത്തിന്റെയും നിറമാണ്. പുതിയത് എന്നതിന് ഗ്രീക്കിൽ രണ്ടു പദങ്ങളുണ്ട്. 'നെയോസ്' കാലസൂചന നല്കുന്നു. 'കൈനോസ്' സ്വഭാവത്തെ സൂചിപ്പിക്കുന്നു. പുതിയ ജറുസലേം, പുതിയ ആകാശം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇവിടെ രണ്ടാമത്തെ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പുതിയ നാമം ഒരു പുതിയ സ്വഭാവത്തെയും സ്ഥാനത്തെയും സൂചിപ്പിക്കുന്നു. പത്രോസ് എന്ന പുതിയ നാമം നല്കുന്നതിലൂടെ ഒരു പുതിയ പദവി നല്കുകയായിരുന്നു. വിജയിക്കുന്നവൻ ദൈവിക സ്വഭാവത്തിൽ അഥവാ ദൈവിക ജീവനിൽ പങ്കുനല്കും എന്ന സൂചനയാണ് ഈ വിശദീകരണത്തിൽ നിന്നു ലഭിക്കുക. ഏതു വിശദീകരണം സ്വീകരിച്ചാലും നിഗൂഢമന്നയും പുതിയ പേരെഴുതിയ വെള്ളക്കല്ലും ക്രിസ്തുവിലൂടെ ലഭ്യമായ രക്ഷയും ദൈവിക ജീവനുമാണ് അർത്ഥമാക്കുന്നത്.



**വെളിപ്പാട് 2:18–29, തൂയഥൈറയിലെ സഭയ്ക്ക്**

പെർഗാമോസിൽ നിന്ന് ഏകദേശം 70 കി.മീ. തെക്കു കിഴക്കായി ലിക്കസ് നദിയുടെ തീരത്തു സ്ഥിതി ചെയ്തിരുന്ന ഒരു കൊച്ചുപട്ടണമാണ് തുയഥൈയിറാ (വാ. 18). തലസ്ഥാനമായ പെർഗാമോസിന്റെ സംരക്ഷണത്തിനുവേണ്ടി ഏർപ്പെടുത്തിയിരുന്ന കാവൽ സൈന്യത്തിന്റെ ഒരു താവളം അവിടെയുണ്ടായിരുന്നു. ഭരണപരമോ മതപരമോ സാംസ്കാരികമോ ആയ വലിയ പ്രാധാന്യമൊന്നും അവകാശപ്പെടാനില്ലാത്ത, താരതമ്യേന അപ്രധാനമായ ഈ പട്ടണത്തിനാണ് ഏറ്റം ദീർഘമായ ലേഖനം എഴുതിയിരിക്കുന്നത്. ക്രിസ്തുവിനു നല്കിയിരിക്കുന്ന വിശേഷണങ്ങളും ഈ സഭയ്ക്കെതിരായ ആരോപണങ്ങളും മനസ്സിലാക്കാൻ ഈ പട്ടണത്തിന്റെ ചില പ്രത്യേകതകൾ അറിഞ്ഞിരിക്കുന്നത് സഹായിക്കും.

വിവിധങ്ങളായ കൈത്തൊഴിലുകൾക്കു പ്രസിദ്ധിയാർജ്ജിച്ച ഒരു പട്ടണമായിരുന്നു തുയഥൈയിറാ. കമ്പിളി, പട്ട് മുതലായവകൊണ്ടുള്ള തുണിത്തരങ്ങളും അവയ്ക്കു നിറം കൊടുക്കാനുള്ള ചായങ്ങളും നിർമ്മിക്കുക, തുകൽപ്പണി, ചെമ്പ്, ഓട്, പിത്തള തുടങ്ങിയ ലോഹങ്ങൾകൊണ്ടുള്ള പണി മുതലായവ ഇവിടുത്തെ പ്രധാന കൈത്തൊഴിലുകളായിരുന്നു. ഓരോ തൊഴിലിലും ഏർപ്പെട്ടിരുന്നവർക്ക് അവരവരുടേതായ സംഘടനകൾ (guilds) ഉണ്ടായിരുന്നു. ഇന്നത്തെ തൊഴിലാളി സംഘടനകളോടും ക്ലബ്ബുകളോടും സാമ്യമുള്ള ഈ സംഘടനയുടെ അംഗങ്ങൾ സംഘടനകളുടേതായ സമ്മേളനങ്ങളിലും വിരുന്നുകളിലും നിർബ്ബന്ധമായും പങ്കെടുക്കണം.


സംഘടനകളിൽ പെടാതെ ഒറ്റയ്ക്കു നിന്ന് തൊഴിലു ചെയ്തു ജീവിക്കുക അവിടെ പ്രായേണ അസാധ്യമായിരുന്നു. സംഘടനകളുടെ സമ്മേളനവും വിരുന്നും സാധാരണ ഒരുമിച്ചാണു നടക്കുക. ഏതെങ്കിലും ക്ഷേത്രത്തിലോ ക്ഷേത്രപരിസരത്തോ ആയിരിക്കും സമ്മേളനം. സമ്മേളനത്തിനു മുമ്പായി ബലിയർപ്പണമുണ്ടാകും. വിരുന്നിനു തുടക്കമായി ഏതെങ്കിലും ദേവനെ വിളിച്ചു പ്രാർത്ഥിക്കും. വിളമ്പിയിരുന്നത് ബലിയർപ്പിച്ച മാംസമായിരുന്നു. വിരുന്നിനു മധ്യേ ദേവന്മാർക്കു സ്തുതിപാടുക പതിവായിരുന്നു. വീഞ്ഞും മറ്റു ലഹരി പാനീയങ്ങളും സമൃദ്ധമായി വിളമ്പിയിരുന്നു. സ്ത്രീ-പുരുഷന്മാർ ഒരുമിച്ചാണ് വിരുന്നിൽ പങ്കുചേരുക. സായാഹ്നത്തിൽ ആരംഭിക്കുന്ന വിരുന്നുകൾ രാത്രിയിലേക്കു നീളും. ലൈംഗികാസക്തിയെ കയറൂരിവിടുന്ന സമ്മേളനങ്ങളായിട്ടാണ് വിരുന്നുകൾ പലപ്പോഴും കലാശിക്കുക. പേഗൻ മതങ്ങളിൽ വിശ്വാസവും ധാർമ്മികജീവിതവും തമ്മിൽ വലിയ ബന്ധമൊന്നുമുണ്ടായിരുന്നില്ല. ഇത്തരം വിരുന്നുകൾക്കുള്ള ക്ഷണക്കത്തുകൾ തന്നെ "നമ്മുടെ കർത്താവായ ദേവന്റെ മേശയിൽ എന്നോടൊപ്പം വിരുന്നുണ്ണാൻ താങ്കളെ ക്ഷണിക്കുന്നു" എന്നാണ് തുടങ്ങിയിരുന്നത്.

തുയഥൈറ പട്ടണത്തിന്റെ സംരക്ഷകനായി ആരാധിച്ചുപോന്നത് സൂര്യദേവനായ അപ്പോളോയെ ആണ്. ദേവാധിദേവനായ സേവൂസിന്റെ മകനായിട്ടാണ് അപ്പോളോ കരുതപ്പെട്ടിരുന്നത്. റോമാചക്രവർത്തിയും സേവൂസിന്റെ മകനായി പരിഗണിക്കപ്പെട്ടിരുന്നു. കാലക്രമത്തിൽ അപ്പോളോയുടെ അവതാരമായി ചക്രവർത്തിമാർ അറിയപ്പെടാൻ തുടങ്ങി. അങ്ങനെ രാജാരാധനയും അപ്പോളോ ദേവന്റെ ആരാധനയും ഒന്നിച്ചു.

ഏഷ്യാമൈനറിലെ മാത്രമല്ല റോമാസാമ്രാജ്യത്തിലുടനീളമുള്ള ക്രിസ്തീയസഭകൾക്ക് ഈ സാഹചര്യത്തിൽ വ്യക്തമായ തീരുമാനമെടുക്കേണ്ടിവന്നു. തൊഴിലാളി സംഘടനകളുടെ പ്രത്യേക പശ്ചാത്തലത്തിൽ ഈ തീരുമാനം ഏറെ പ്രശ്നങ്ങൾ ഉളവാക്കിയിരുന്നു. (തുടരും)



# വെളിപ്പാടിന്റെ ചരിത്രം



(തുടർച്ച)

ഏകദൈവത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികൾക്ക് രാജാവിന്റെ അവകാശവാദങ്ങളെ അംഗീകരിക്കാനോ ആരാധനയെ സംബന്ധിച്ച നിയമങ്ങൾ അനുസരിക്കാനോ സാധിക്കുമായിരുന്നില്ല. രാജാവിനെ ദൈവമായി ആരാധിക്കുക തങ്ങളുടെ കർത്താവും ദൈവവുമായ ക്രിസ്തുവിനെ തള്ളിപ്പറയുന്നതിനു തുല്യമായിരുന്നു; രാജാരാധനയ്ക്കു വഴങ്ങാതിരിക്കുക മരണാർഹമായ രാജദ്രോഹകുറ്റം. രാജനിയമം നിഷ്ക്കരുണം നടപ്പിലാക്കപ്പെട്ടു. ക്രിസ്ത്യാനികളുടെ വസ്തുവകകൾ കണ്ടുകെട്ടി. കുഞ്ഞുങ്ങളും സ്ത്രീകളും വൃദ്ധരും പോലും ക്രൂരമായ മർദ്ദനത്തിനിരയായി. ഉറ്റവർ വന്യമൃഗങ്ങൾക്കിരയാവുന്നതു നോക്കിനില്ക്കാൻ അവർ നിർബ്ബന്ധിതരായി, തങ്ങളുടെ ഊഴം വരുന്നതുവരെ. സഭാധികാരികളെ പ്രത്യേകം തിരഞ്ഞുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കാൻ രാജസേവകർ പ്രത്യേകം ശ്രദ്ധിച്ചു. ജയിൽ വാസം, പീഡനങ്ങൾ, നാടുകടത്തൽ, അടിമവേല, സർക്കസിൽ വന്യമൃഗങ്ങൾക്ക് ഇട്ടുകൊടുക്കൽ ഇങ്ങനെ വിവിധങ്ങളായ പീഡനമുറകൾക്ക് ക്രൈസ്തവർ ഇരയായി.



പീഡനങ്ങൾ ഉണ്ടാകുമെന്ന് യേശു മുൻകൂട്ടി അറിയിച്ചിരുന്നു, എന്നാൽ അത് ഇത്ര ക്രൂരമോ ദീർഘമോ ആയിരിക്കുമെന്ന് അധികമാരും കരുതിയില്ല. ഉത്ഥിതനായ നാഥൻ അധികം വൈകാതെ ശക്തി പ്രാഭവങ്ങളോടെ മടങ്ങിവരുമെന്നും പീഡനങ്ങൾക്കറുതി വരുത്തി ദൈവരാജ്യം സ്ഥാപിക്കുമെന്നും ക്രൈസ്തവരിൽ നല്ലൊരു പങ്ക് വിശ്വസിച്ചിരുന്നു. 'മനുഷ്യപുത്രന്റെ ആഗമനത്തിനുമുമ്പ് നിങ്ങൾ ഇസ്രായേലിലെ പട്ടണങ്ങളെല്ലാം സഞ്ചരിച്ചു തീരുകയില്ല' (മത്താ 10:23). 'ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത്?' (യോഹ 21:22). ഇങ്ങനെയുള്ള യേശുവചനങ്ങൾ ഈ വിശ്വാസത്തിനു പിൻബലമായിരുന്നു. തന്റെ മരണത്തിനുമുമ്പ് കർത്താവു മടങ്ങിവരും എന്ന് വി. പൗലോസ് പോലും പ്രതീക്ഷിച്ചിരുന്നതായി തോന്നിപ്പിക്കുന്ന സൂചനകളുണ്ട്: "നാം എല്ലാം നിദ്ര പ്രാപിക്കുകയില്ല" (1 കൊരി 15:52); "ജീവിച്ചിരിക്കുന്നവരായി നമ്മളിൽ അവശേഷിക്കുന്നവർ കർത്താവിനെ എതിരേല്ക്കാനായി അവരോടൊപ്പം മേഘങ്ങളിൽ സംവഹിക്കപ്പെടും" (1 തെസ 4:17). ജറുസലെമിന്റെ നാശവും കർത്താവിന്റെ പുനഃരാഗമനവും ഒരുമിച്ചു സംഭവിക്കുമെന്ന് പലരും വിശ്വസിച്ചിരുന്നു.

പ്രതീക്ഷിച്ചതുപോലെ കർത്താവു മടങ്ങിവന്നില്ല. തന്നെയുമല്ല. പീഡനങ്ങൾ നാൾക്കുനാൾ ശക്തിപ്പെടുകയും ചെയ്തു. കർത്താവും ദൈവവും താനാണെന്ന് അവകാശപ്പെടുന്ന റോമൻ ചക്രവർത്തി ക്രിസ്തുവിനേക്കാൾ കൂടുതൽ ശക്തനായി കാണപ്പെട്ടു. പീഡിപ്പിക്കപ്പെടുന്ന ശിഷ്യഗണത്തെ രക്ഷിക്കാൻ ക്രിസ്തു വരാതായപ്പോൾ തങ്ങൾ വലിയൊരു വഞ്ചനയ്ക്ക് ഇരയായോ എന്നു പലരിലും സംശയമുദിച്ചു. പീഡനം അറുതിയില്ലാത്തതും റോമാ അജയ്യവുമായി പലർക്കും അനുഭവപ്പെട്ടു. ചെറുത്തുനില്ക്കുക നിരർത്ഥകമായി കരുതിയ അനേകർ ക്രിസ്തുവിശ്വാസം ഉപേക്ഷിച്ച് മറ്റുള്ളവരെപ്പോലെ ജീവിക്കാൻ തുടങ്ങി.

ഇതോടൊപ്പം മറ്റൊരു ചിന്താഗതിയും ഏഷ്യയിലെ പല ക്രൈസ്തവ സമൂഹങ്ങളിലും പൊന്തിവന്നു. വിഗ്രഹം വെറും കല്ലോ, മണ്ണോ ആണെന്നും അതിനു യാതൊരു ശക്തിയുമില്ല എന്നും ബൈബിൾ ആവർത്തിച്ചു പഠിപ്പിയ്ക്കുന്നുണ്ട്. ദൈവം ഒരുവൻ മാത്രമേയുള്ളൂ. അവൻ അദൃശ്യനാണ്. അപ്പോൾ താൻ ദൈവമാണെന്ന ചക്രവർത്തിയുടെ അവകാശവാദം മുഖവിലയ്ക്ക് എടുക്കേണ്ടതില്ല. ചക്രവർത്തിതന്നെ എല്ലാവർക്കും മതസ്വാതന്ത്ര്യം നല്കുമ്പോൾ, രാജഭക്തി പ്രകടിപ്പിക്കാനായി ആണ്ടിലൊരിക്കൽ ഒരു പ്രതിമയുടെ മുമ്പിൽ ഒരുപിടി കുന്തുരുക്കം പുകയ്ക്കുന്നതിൽ എന്താണ് തെറ്റ്? വിശ്വാസമാണ് പ്രധാനം. യേശുക്രിസ്തുവിൽ ഉറച്ചു വിശ്വസിക്കുന്നവർ രക്ഷപ്രാപിക്കും. തന്നെയുമല്ല, രാജാധികാരത്തെ മാനിക്കാനും അനുസരിക്കാനും അപ്പസ്തോലന്മാർതന്നെ പഠിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ രാജകല്പനയ്ക്കു വഴങ്ങുകയും തങ്ങളുടെ വിശ്വാസം ഹൃദയത്തിൽ സൂക്ഷിക്കുകയുമാണ് ഉചിതം എന്നു പലരും കരുതി. ക്രിസ്തീയ വിശ്വാസവും രാജാരാധനയും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കാൻ അവർ ശ്രമിച്ചു.

കർക്കശമായ ക്രിസ്തീയ ജീവിതശൈലി പല സാമൂഹിക പ്രശ്നങ്ങൾക്കും കാരണമായിക്കൊണ്ടിരുന്നു. വിവിധങ്ങളായ തൊഴിൽ വ്യാപാര സംഘടനകളിൽ ക്രിസ്ത്യാനികളും അംഗങ്ങളായിരുന്നു. ക്രിസ്തീയവിശ്വാസം സ്വീകരിച്ചതുകൊണ്ടു ജനജീവിതത്തിന്റെ മുഖ്യധാരയിൽ നിന്നു മാറിനിൽക്കുന്നതു ശരിയല്ലല്ലോ. അതിനാൽ സംഘടനാസമ്മേളനങ്ങളിലും സുഹൃത്തുക്കളുടെ വിരുന്നുകളിലും പങ്കെടുക്കുക ആവശ്യമാണ്. വിരുന്നുകളിൽ വിളമ്പിയിരുന്നത് വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ച മാംസമായിരുന്നു. കാരണം, ചന്തയിൽ വില്പനയ്ക്കുവന്ന മാംസം അധികപങ്കും വിഗ്രഹങ്ങൾക്കർപ്പിച്ചതായിരുന്നു. അതു ഭക്ഷിക്കാതിരിക്കുന്നത് ആതിഥ്യമര്യാദയ്ക്ക് ചേർന്നതല്ല. വിഗ്രഹങ്ങൾ ഒന്നുമല്ല എന്നും അവയ്ക്ക് അർപ്പിച്ച മാംസത്തിനു പ്രത്യേകത ഒന്നുമില്ലെന്നും വി.പൗലോസ് പഠിപ്പിച്ചിട്ടുണ്ട് (1 കോറി 8:1–13). അതിനാൽ യാതൊരു മനഃശ്ചാഞ്ചല്യവും കൂടാതെ വിരുന്നുകളിൽ വിശ്വാസികൾ പങ്കെടുത്തു. ഈ വിട്ടുവീഴ്ചാ മനോഭാവം ക്രിസ്തീയ വിശ്വാസത്തെ ഉള്ളിൽ നിന്ന് കാർന്നു തിന്നുന്ന മാരകരോഗമായി തീർന്നു. (തുടരും)

**അദൃശ്യനായ ദൈവത്തേയും അദൃശ്യമായ സ്വർഗ്ഗത്തേയും ദൃശ്യവത്ക്കരിച്ച് ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതാകണം നമ്മുടെ വിശ്വാസം**



# വിശ്വാസത്തിന്റെ മാഹാത്മ്യം





മൈക്കിളിനു തന്റെ പിതാവായ ഫ്രാങ്കിനോടു വലിയ സ്നേഹവും ബഹുമാനവുമായിരുന്നു. ഫ്രാങ്കിനാകട്ടെ തന്റെ പുത്രനോട് അതിയായ സ്നേഹവും അടുപ്പമുണ്ടായിരുന്നു.

ഒരു ദിവസം ഫ്രാങ്കും ഭാര്യയും ഒരുമിച്ചു ജോലിസംബന്ധമായ കാര്യങ്ങൾക്കായി അകലെ ഒരിടത്തേക്കു യാത്രയായി. താമസിയാതെ മൈക്കിൾ ഒരു കാറപകടത്തിൽപ്പെട്ടു മരിച്ചു. അതറിഞ്ഞു ഫ്രാങ്ക് ഞെട്ടി. ഞെട്ടലിന്റെ ഫലമായി മൈക്കിളിനെക്കുറിച്ചുള്ള ഓർമകൾ പോലും ഫ്രാങ്കിനു നഷ്ടമായി.

കത്തോലിക്കാ മതവിശ്വാസത്തിലായിരുന്നു ഫ്രാങ്ക് വളർന്നത്. ഒരുകാലത്ത് സെമിനാരിയിൽ വൈദികവിദ്യാർഥിയായി പഠിക്കുകയും ചെയ്തതാണ്. എന്നാൽ ദൈവം എന്നു പറയുന്നതു വെറും ഭാവനാസൃഷ്ടിയാണെന്നു തോന്നിത്തുടങ്ങിയപ്പോൾ ഫ്രാങ്ക് സെമിനാരി വിട്ടു. പിന്നീടു ഫ്രാങ്കിന്റെ ജീവിതത്തിൽ ദൈവത്തിനു സ്ഥാനമില്ലായിരുന്നു.

മൈക്കിൾ മരിച്ചപ്പോൾ വീണ്ടും ദൈവത്തെക്കുറിച്ചുള്ള ചിന്ത ഫ്രാങ്കിന്റെ മനസിലേക്കു കടന്നുവന്നു. പക്ഷേ, അപ്പോഴും മനുഷ്യരെ സ്നേഹിക്കുന്നവനായ ദൈവത്തെ കാണാൻ ഫ്രാങ്കിന് സാധിച്ചില്ല. തന്റെ പുത്രന്റെ ജീവൻ അകാലത്തിൽ തിരിച്ചെടുത്ത ദൈവം എന്തു ദൈവമാണെന്നായിരുന്നു അയാളുടെ ചോദ്യം.






മൈക്കിൾ മരിച്ചിട്ടു കാലം കുറേ കഴിഞ്ഞു. എങ്കിലും കാലമെന്ന മാന്ത്രികൻ ഫ്രാങ്കിന്റെ വേദനകൾ മാറ്റിക്കളഞ്ഞില്ല. മൈക്കിളിനെക്കുറിച്ചുള്ള ഓർമകളെല്ലാം നഷ്ടപ്പെട്ടപ്പോഴും മൈക്കിൾ മരിച്ചുവെന്ന വസ്തുത ഫ്രാങ്കിന്റെ മനസിൽ സജീവമായി നിലകൊണ്ടു.

അങ്ങനെയിരിക്കുമ്പോഴാണ് ഫ്രാങ്കും ഭാര്യയും കൂടി ഫ്രീലാൻസ് പത്രപ്രവർത്തകരെന്ന നിലയിൽ നല്ല കഥകളന്വേഷിച്ച് അമേരിക്കയിലെ കെന്റക്കി സംസ്ഥാനത്തേക്കു യാത്രതിരിച്ചത്. അവിടെയെത്തി ഒരു ചെറിയ റസ്റ്ററന്റിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ എവിടെ നല്ല കഥകൾക്കുള്ള മാറ്റർ കണ്ടെത്താനാവുമെന്നു വെയിറ്ററസിനോട് അവർ തിരക്കി. അപ്പോൾ ആ വെയിറ്ററസ് ഗദ്സമേനിയിലെ ട്രാപ്പിസ്റ്റ് ആശ്രമത്തിലേക്കു പോകുവാൻ അവരെ ഉപദേശിച്ചു.

ആശ്രമവും സന്യാസികളുമൊക്കെയെന്നു കേട്ടപ്പോൾ ഫ്രാങ്കിന് അത്ര പിടിച്ചില്ല. എങ്കിലും ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി ട്രാപ്പിസ്റ്റ് ആശ്രമം സന്ദർശിക്കാൻ അയാൾ തയാറായി.

ഫ്രാങ്കും ഭാര്യയും ആശ്രമത്തിലെത്തുമ്പോൾ ആശ്രമാംഗങ്ങളുടെ പ്രാർഥനാസമയമായിരുന്നു. അമ്പതോളം സന്യാസികൾ ഏകസ്വരത്തിൽ ഭക്തിപൂർവം പ്രാർഥിക്കുന്നതു കണ്ടപ്പോൾ ഫ്രാങ്കിന്റെ ഹൃദയം ശക്തമായി സ്പന്ദിക്കാൻ തുടങ്ങി. അതോടൊപ്പം ഫ്രാങ്കറിയാതെതന്നെ ആ സന്യാസിമാരുടെ പ്രാർഥനയിൽ ഫ്രാങ്കിന്റെ ഹൃദയവും മനസും ലയിച്ചുപോയി.

ട്രാപ്പിസ്റ്റ് സന്യാസിമാരുടെ പ്രാർഥനയിൽ അയാളങ്ങനെ ലയിച്ചിരിക്കുമ്പോൾ പെട്ടെന്നു തന്റെ പുത്രനായ മൈക്കിളിനെക്കുറിച്ചുള്ള ഓർമകൾ അയാൾക്കു വീണ്ടുകിട്ടി. അതോടൊപ്പം ദൈവത്തിന്റെ സജീവസാന്നിധ്യവും അയാൾക്ക് അനുഭവവേദ്യമായി.

ഫ്രാങ്ക് എഴുതുന്നു: "ഞാൻ കരഞ്ഞു. ദൈവത്തിന്റെ കരവലയത്തിലിരുന്നു ഞാൻ കരഞ്ഞു. അപ്പോൾ അവിടുത്തെ സമാധാനം എന്റെ ഹൃദയത്തിലലതല്ലി."

ദൈവത്തിലുള്ള തന്റെ വിശ്വാസവും തന്റെ പുത്രനായ മൈക്കിളിനെക്കുറിച്ചുള്ള ഓർമകളും തിരിച്ചുകിട്ടിയ സന്തോഷത്തിലാണു മൈക്കിൾ അന്ന് അവിടെനിന്നു മടങ്ങിപ്പോയത്. ഈ സംഭവത്തെക്കുറിച്ചെഴുതുന്ന അവസരത്തിൽ ട്രാപ്പിസ്റ്റ് സന്യാസിമാരുടെ പ്രാർഥനയെക്കുറിച്ച് ഒരുകാര്യം ഫ്രാങ്ക് എടുത്തുപറയുന്നുണ്ട്.

'ഗൈഡ്പോസ്റ്റ്സ്' മാസികയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ ഫ്രാങ്ക് എഴുതുന്നു: "ഒരു കാര്യം എനിക്കു മനസിലായി. പ്രാർഥനയിലൂടെ അവർ ആരോടോ സംസാരിക്കുകയായിരുന്നു. അതുപോലെ, ആരോ അവരെ ശ്രവിക്കുന്നുണ്ടായിരുന്നു." ഈ കണ്ടെത്തലാണു ഫ്രാങ്കിന്റെ കണ്ണു തുറപ്പിച്ചത്; അയാൾക്കു വിശ്വാസത്തിന്റെ മാഹാത്മ്യം വീണ്ടും മനസിലാക്കിക്കൊടുത്തത്.

വിശ്വാസം നഷ്ടപ്പെട്ട വ്യക്തിയായിരുന്നു ഫ്രാങ്ക്. എന്നാൽ, ട്രാപ്പിസ്റ്റ് സന്യാസിമാരുടെ പ്രാർഥന കണ്ടപ്പോൾ ദൈവമുണ്ടെന്നും ദൈവം നമ്മുടെ പ്രാർഥന ശ്രവിക്കുന്നുണ്ടെന്നും അയാൾക്കു ബോധ്യമായി. ആ ബോധ്യമാണു വിശ്വാസത്തിന്റെ വഴിയിലേക്ക് അയാളെ വീണ്ടും നയിച്ചത്.

ദൈവത്തിൽ വിശ്വാസമുള്ളവരാണു നമ്മൾ. എന്നാൽ, നമ്മുടെ ജീവിതത്തിൽ ദുഃഖം അണപൊട്ടിയൊഴുകുമ്പോൾ ഒരുപക്ഷേ, നാം ദൈവത്തെ തള്ളിപ്പറയാനിടയായേക്കാം. അല്ലെങ്കിൽ, നമ്മുടെ പ്രാർഥനകളൊക്കെ അവിടുന്നു ശ്രവിക്കുന്നുണ്ടോയെന്നു സംശയിച്ചേക്കാം. അതുമല്ലെങ്കിൽ അവിടുത്തേക്കു നമ്മോടു യഥാർഥ സ്നേഹമുണ്ടോയെന്നു നാം ആശങ്ക പുലർത്തിയേക്കാം. എന്നാൽ, നമ്മുടെ ദുഃഖം എത്ര ആഴമേറിയതാണെങ്കിലും അവിടുന്നു നമ്മെ സ്നേഹിക്കുന്നുവെന്നതിൽ ആർക്കുമൊരിക്കലും ഒരു സംശയവും വേണ്ട. അതുപോലെ, നാം അവിടുത്തോടു പ്രാർഥിക്കുമ്പോൾ അവിടുന്നു ശ്രദ്ധാപൂർവം നമ്മെ കേൾക്കുന്നുവെന്നതിലും സംശയം വേണ്ട.

നമ്മുടെ പ്രാർഥനയ്ക്ക് ഹൃദയപൂർവമുള്ള നമ്മുടെ സംഭാഷണത്തിന് കാതോർത്തിരിക്കുന്നവനാണു നമ്മുടെ ദൈവം. അവിടുന്നു നമ്മിൽനിന്ന് അകന്നിരിക്കുന്നുവെന്നു നമുക്കു തോന്നുമ്പോഴും അവിടുന്നു നമ്മുടെ കൂടെ ഉണ്ടെന്നതാണു സത്യം.


നാം പലപ്പോഴും നമ്മുടെ വേദനയിലും പ്രശ്നങ്ങളിലും മാത്രം ശ്രദ്ധിക്കാനിടയാകുന്നതുകൊണ്ട് അവിടുത്തെ സാന്നിധ്യവും സഹായവും മനസിലാക്കാനിടയാകുന്നില്ലെന്നു മാത്രം.



# ദൈവനിയോഗം



വിശുദ്ധ ബൈബിളിൽ ദൈവത്തിന്റെ പക്ഷംചേർന്ന് ജീവിച്ചവരും ദൈവനിശ്ചയത്തിനു വിധേയരായി വർത്തിച്ചവരും ലോകത്തിന്റെ മുമ്പിൽ വിഡ്ഢികളെപ്പോലെ കാണപ്പെട്ടു. ലോകത്തിന്റെ ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ദൈവം ഈ ലോകത്തിലെ ഭോഷന്മാരെ തിരഞ്ഞെടുത്തുവെന്ന് പൗലോസ് ശ്ലീഹാ പറയുന്നു. ഉത്പത്തി പുസ്തകം മുതൽ ഇപ്രകാരമുള്ള വ്യക്തിത്വങ്ങളെ നാം കാണുന്നുണ്ട്. നോഹയെന്ന കഥാപാത്രം നമ്മുടെ മുന്നിൽ തെളിഞ്ഞുനില്ക്കുന്നു. മനുഷ്യരുടെ മുമ്പിൽ വിഡ്ഢിയെപ്പോലെ നിന്നവനാണ് നോഹ. ഉഗ്രപ്രതാപവാനായ സൂര്യൻ ആകാശത്തു ജ്വലിച്ചുനിന്നപ്പോഴാണ് നോഹ പേടകം പണിതത്. മഴയോ മഴക്കാറോ ഇല്ലാത്ത ആകാശകൂടാരത്തിനു കീഴിൽ നോഹ പെട്ടകം പൂർത്തിയാക്കി. മഴ തകർത്തു പെയ്യുമ്പോഴോ, ജലനിരപ്പ് ഉയരുമ്പോഴോ മാത്രം പണിതെടുക്കേണ്ട സുരക്ഷാകൂടാരം നോഹ പൊരിവെയിലത്ത് പണിതുയർത്തി. ജനം അദ്ദേഹത്തെ വിഡ്ഢിയെന്നു വിളിച്ചു. പിന്നീടു കാണിച്ചതെല്ലാം ഒരു ഭ്രാന്തന്റെ ഭാവപ്രകടനങ്ങളായിരുന്നു. ജോടി ജോടിയായി എല്ലാ ജീവജാലങ്ങളെയും ശേഖരിക്കുന്നു. എല്ലാ ജീവജാലങ്ങളെയും പേടകത്തിനുള്ളിലാക്കി. ജനം പരിഹസിച്ചുകൊണ്ടേയിരുന്നു. അപ്പോൾ ആകാശം ഇരുണ്ടു. നിലയ്ക്കാത്ത മഴത്തുള്ളികൾ ഭൂമിയിൽ പതിച്ചു. കടലാസുവള്ളം വെള്ളത്തിൽ പൊങ്ങിക്കിടന്നതുപോലെ നോഹയുടെ പെട്ടകവും അതിലുള്ള സകല ജീവജാലങ്ങളും സുരക്ഷിതരായി ഉയർന്നുപൊങ്ങി. ലോകം വിഡ്ഢി എന്നു വിളിച്ചവനെ ദൈവം മാനിച്ചു. ദൈവതിരുമുമ്പിൽ സ്വീകാര്യനായി.



പുറപ്പാടിന്റെ പുസ്തകത്തിൽ മറ്റൊരു മനുഷ്യനെ ദൈവം കാണിച്ചുതരുന്നു. മോശയെന്ന അത്ഭുതമനുഷ്യൻ. ഒത്തിരി മുറിവുകളുള്ള മനുഷ്യൻ. വിക്കനും അനാഥനും കൊലപാതകിയും വൃദ്ധനുമായിരുന്നു മോശ. മാനുഷികബുദ്ധിയിൽ പ്രതീക്ഷയ്ക്കു വകയില്ലാത്ത മനുഷ്യൻ. എൺപതാം വയസ്സിലെ വാർധക്യത്തിന്റെ നിറവിൽ ദൈവനിയോഗം ഏറ്റെടുക്കേണ്ടി വരുന്നു. പിന്നീടു കാത്തിരുന്നതെല്ലാം വിഡ്ഢിത്തങ്ങൾ. അലറുന്ന കടലിനും ഇരമ്പുന്ന സൈന്യത്തിനുമിടയിൽ നിസ്സഹായനായി നിൽക്കുമ്പോൾ മോശ ദൈവത്തിങ്കലേയ്ക്കു നോക്കി. മുകളിലേക്കു നോക്കിയ കണ്ണുകൾകൊണ്ട് താഴെയുള്ള കടലിലേക്ക് നോക്കി. പിന്നീട് ഒന്നും ആലോചിച്ചില്ല. ഒരു ഭ്രാന്തമായ ആവേശത്തോടെ ചുളിവുവീണ കൈകളിലെ ഉണക്കവടി കടലിനുനേരെ നീട്ടിപ്പിടിച്ചു. ഡാം കെട്ടി തടയേണ്ട വെള്ളത്തിനു മീതേ ഉണങ്ങിയ വടി നീട്ടിയിട്ടെന്തുകാര്യമെന്ന് ജനം ചോദിച്ചു. പക്ഷേ നിമിഷങ്ങൾക്കുള്ളിൽ കടൽ മുറിഞ്ഞു. കര തെളിഞ്ഞു. ജനം അത്ഭുതസ്തബ്ധരായി നിന്നു. പിന്നീട് ഒരിക്കൽ അതേ വടികൊണ്ട് ഉണങ്ങിയ പാറയിൽ മോശ അടിച്ചു. അതിൽ നിന്നും ഉറവക്കണ്ണികൾ ഒഴുകിയിറങ്ങി. വെള്ളത്തെ പകുത്തു മാറ്റിയ ദൈവത്തിന് ഉണക്കപ്പാറയിൽ നിന്ന് കുളിർമ്മയുള്ള ഉറവ തുറക്കാനാകുമെന്ന് മോശ വിശ്വസിച്ചു. പച്ചപ്പുള്ളതൊന്നും മോശയ്ക്കില്ലായിരുന്നു. ഉണങ്ങിയ ശരീരവും ഉണക്കപ്പാറയും ഉണക്കവടിയും ഉണങ്ങിയ മരുഭൂമിയും മാത്രം മുമ്പിൽ. അതിന്റെയെല്ലാം നടുവിൽ നിന്ന് ദൈവത്തിലാശ്രയിച്ചവനെ ദൈവം മറന്നില്ല.

വേറൊരു മനുഷ്യനെ നാം കാണുന്നു. യോശുവ എന്നാണ് പേര്. ഒരു ജനതയെ മോശയ്ക്കു ശേഷം നയിച്ച നേതാവ്. ശക്തമായ സ്ഫോടകവസ്തുക്കളുപയോഗിച്ചു തകർക്കേണ്ട കോട്ടയ്ക്കു മുമ്പിൽ കാഹളമൂതി ജനത്തെ നയിച്ച നേതാവ്. ജനം ഉള്ളിൽ പരിഹാസവാക്കുകൾ പറഞ്ഞുകൊണ്ട് യോശുവയെ അനുഗമിച്ചു. പക്ഷേ ഏഴാം പ്രാവശ്യം കാഹളം മുഴക്കിയപ്പോൾ കോട്ട നിലംപതിച്ചു. ദൈവം മനുഷ്യന്റെ നാസാരന്ധ്രങ്ങളിൽ ഊതിയപ്പോൾ ജീവൻ ലഭിച്ചു. യേശു അന്ധന്റെ കണ്ണിലും ബധിരന്റെ കാതിലും ഊതിയപ്പോൾ സൗഖ്യം ലഭിച്ചു. ഉത്ഥിതൻ ശിഷ്യരിലേക്ക് ഊതിയപ്പോൾ പരിശുദ്ധാത്മാവിനെ ലഭിച്ചു. ദൈവത്തിന്റെ വാക്കിൽ വിശ്വസിച്ച് കാഹളം ഊതിയപ്പോൾ ദൈവശക്തി വ്യാപരിച്ച കാഹളശബ്ദത്തിൽ കോട്ടകൾ തകർക്കപ്പെട്ടു.

ദാവീദ് വെറും ഒരു ഇടയച്ചെറുക്കൻ. ഫിലിസ്ത്യ മല്ലൻ ഗോലിയാത്ത് ശക്തനായിരുന്നു. ജനം അവനെ ഭയന്നിരുന്നു. ശക്തനും മല്ലനുമായ ഗോലിയാത്തിനെ നേരിടാൻ ദാവീദ് തീരുമാനിച്ചു. ഒരു കവിണയും അഞ്ചു കല്ലുകളുമായി ഗോലിയാത്തിനെ ആ ബാലൻ നേരിട്ടു. കല്ല് കൊണ്ട് താഴെവീണ ഗോലിയാത്തിന്റെ ശിരസ്സ് ദാവീദ് അറുത്തെടുത്തു. ഒരു കല്ലു മാത്രം മതിയായിരുന്നു

ഗോലിയാത്തിനെ വധിക്കുവാൻ ദൈവം അഞ്ചുകല്ലുകൾ ദാവിദിന്റെ കരങ്ങളിൽ വച്ചുകൊടുത്തു. ഒരു ദൗത്യം ദൈവം ഒരു വ്യക്തിയെ ഏല്പിച്ചാൽ അതു നിറവേറ്റാനുള്ള ശക്തിയും ദൈവം നല്കിയിരിക്കും.

നമ്മുടെയൊക്കെ ജീവിതയാത്രയിൽ വിഡ്ഢികളെന്നു ലോകം നമ്മെ വിളിച്ചേക്കാം. ചില സാഹചര്യങ്ങളിൽ നമ്മൾ വളരെ ചെറുതായെന്നു വരാം. അപ്പോഴൊക്കെ നമ്മെ ഉയർത്തുന്ന ദൈവം അതു കാണുന്നുണ്ടെന്നു വിശ്വസിക്കുക. ലോകത്തിനു മുമ്പിൽ ദൈവത്തിനുവേണ്ടി വിഡ്ഢികളാകുന്നതിൽ നമുക്കു ലജ്ജിക്കാതിരിക്കാം.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**പുതിയനിയമത്തിൽ മാത്രമല്ല, ഉല്പത്തി മുതൽ ദൈവത്തിന്റെ ബഹുത്വം കാണുവാൻ കഴിയും. എലോഹിം എന്നാണ് ദൈവത്തെക്കുറിച്ച് പറഞ്ഞുതുടങ്ങുന്നതുതന്നെ. ദൈവം ഏകനെങ്കിൽ ഇങ്ങനെയൊരു പ്രയോഗത്തിന്റെ ആവശ്യകത എന്ത്?** **–പി. ജി. മാത്യു, കുമ്പനാട്, തിരുവല്ല**

ത്രിത്വമെന്ന പദം ബൈബിളിലില്ലെന്ന് എല്ലാവർക്കുമറിയാം. എന്നാൽ, ത്രിത്വമെന്ന ആശയം ബൈബിളിലുണ്ടെന്നാണ് ത്രിത്വപണ്ഡിതന്മാരുടെ വാദം. ത്രിത്വക്കാർ അവകാശപ്പെടുന്നതുപോലെ ഒരാശയവും ബൈബിളിലില്ല. ഏകൻ എന്ന പദം ബൈബിളിലില്ലെങ്കിൽ, ത്രിത്വമെന്ന ആശയം മുൻനിർത്തി ദൈവം ത്രിത്വമാണെന്ന് വാദിക്കുന്നതിൽ ഒരു ന്യായമുണ്ട്. എന്നാൽ, ത്രിത്വമെന്ന പദം മാത്രമേ ബൈബിളിൽ ഇല്ലാതുള്ളൂ; ഏകൻ എന്നപദം അനവധിയായി ഉണ്ടെന്നോർക്കണം. ഒന്നല്ല, പത്തല്ല, നൂറല്ല, നൂറ്റിയിരുപത്തഞ്ചിലേറെ പ്രാവശ്യം 'ഏകൻ, ഏകസത്യദൈവം, ഒരുവൻ, ഒരുത്തൻ മാത്രം, ദൈവത്തിനു തുല്യനില്ല, സദൃശനില്ല, എന്നെപ്പോലെ ഒരുത്തനുമില്ല, ഞാനല്ലാതെ മറ്റൊരുത്തനുമില്ല. ഞാൻ ഒരുത്തനേയും അറിയുന്നില്ല എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കെ, ദൈവം ഏകനല്ല, ത്രിത്വമാണെന്ന് പറയാൻ എങ്ങനെ കഴിയും???... ഈ പ്രയാസവശത്തെ തരണം ചെയ്യാനാണ്, ദൈവത്തെ കുറിക്കുന്ന എലോഹീം' എന്ന പദത്തിലും, 'ഏകൻ' എന്നതിനെ കുറിക്കുന്ന എഖാദ്, ഹെയ്സ് എന്നീ എബ്രായ ഗ്രീക്കു പദങ്ങളിലും പണ്ഡിതന്മാർ ബഹുത്വം ആരോപിക്കുന്നത്. കൂടാതെ, ഏകജാതൻ എന്നതിലെ ഖണ്ഡിതമായ ഒന്നിനെ കുറിക്കുന്ന യാഖീദ് (only) എന്ന എബ്രായപദം ദൈവത്തോടു ചേർത്ത് പറഞ്ഞിട്ടില്ലെന്നോർത്തും അവർ ആശ്വസം കൈക്കൊള്ളുന്നു. എന്നാൽ, ദൈവത്തിന്റെ ആത്മാവുള്ള ഒരു പണ്ഡിതനും തന്റെ മനഃസ്സാക്ഷിയെ വഞ്ചിക്കാതെ ഇക്കാര്യങ്ങളൊന്നും ദൈവത്തിന്റെ വചനത്തിൽനിന്ന് തെളിയിക്കാൻ സാദ്ധ്യമല്ല. നമുക്ക് ഇക്കാര്യങ്ങളെക്കുറിച്ച് ബൈബിൾ എന്തുപറയുന്നു എന്നുനോക്കാം:

പഴയനിയമത്തിൽ ദൈവത്തെ കുറിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന ഒരു പദമാണ് എലോഹീം (elohiym). ഉല്പത്തി 1:1 മുതൽ മലാഖി 3:18 വരെ ഈ പദമുണ്ട്. എലോഹീം എന്നപദം ഒരു ബഹുവചനമാണ്. അതുകൊണ്ട് നമ്മുടെ ദൈവത്തിന് ഏകത്വമല്ല ബഹുത്വമാണുള്ളതെന്ന് ത്രിത്വപണ്ഡിതന്മാർ പഠിപ്പിക്കുന്നു. അപ്പോൾത്തന്നെ, ജാതികളുടെ ദേവനെയും, ദേവിയെയും, മനുഷ്യനെയും, ദൂതന്മാരെയും, ദേവന്മാരെയും സൂചിപ്പിക്കുവാൻ ഈ പദം പ്രയോഗിച്ചിട്ടുമുണ്ട്. ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചാൽ, എലോഹീം എന്ന പദത്തെ ത്രിത്വപണ്ഡിതന്മാർ ദുരുപയോഗം ചെയ്തിരിക്കുന്നത് എങ്ങനെയാണെന്ന് മനസ്സിലാക്കാൻ കഴിയും.

**ഒന്ന്;** ത്രിത്വത്തിനു ബൈബിളിൽ തെളിവു ചോദിക്കുമ്പോൾ എലോഹീം എന്ന ബഹുവചനമാണ് പണ്ഡിതന്മാർ എടുത്തുകാണിക്കുന്നത്. ബഹുവചനമെന്നാൽ; ഒന്നിലധികമെന്നാണ്. അതിനു മൂന്നെന്ന ഖണ്ഡിതമായ അർത്ഥമില്ല. അത് രണ്ടാകാം, അഞ്ചാകാം, പത്താകാം, നൂറാകാം, മില്യനോ, ബില്യനോ, ട്രില്യനോ ആകാം; എലോഹീം എന്ന പദംകൊണ്ട് ഞങ്ങളുടെ ദൈവത്തെ ത്രിത്വമാക്കിത്തരാം എന്നാണോ പണ്ഡിതന്മാരെ നിങ്ങൾ ഉദ്ദേശിക്കുന്നത്? നിങ്ങളുടെ വാദമെത്ര ബാലിശമാണെന്ന് കാണിക്കാം: നിങ്ങൾ പറയുന്നപോലെ ജാതികൾക്കും വേണമെങ്കിൽ പറയാം; നിങ്ങളുടെ ബൈബിളിൽ ഞങ്ങളുടെ ദൈവമുണ്ട്, എലോഹീം എന്ന പദം ബഹുവചനമാണ്; അത് ഞങ്ങളുടെ മുപ്പത്തിമുക്കോടി ദൈവങ്ങളെ കുറിക്കുന്നതാണ്" എന്നൊരു ഹൈന്ദവ സഹോദരൻ പറഞ്ഞാൽ നിങ്ങളെങ്ങനെ നിഷേധിക്കും? ആ വാദം തന്നെയല്ലേ നിങ്ങളും മുന്നോട്ട് വെയ്ക്കുന്നത്???...

**രണ്ട്;** 'എലോഹ' എന്ന ഏകവചനം ഉണ്ടായിട്ടും 'എലോഹീം' എന്ന ബഹുവചനം അനേകം സ്ഥാനങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു; അതാണ് തിത്വപണ്ഡിതന്മാർ ഉന്നയിക്കുന്ന മറ്റൊരു വാദം. അതിൽ രസകരമായൊരു കാര്യം: എലോഹ് എന്ന ഏകവചനം ബൈബിളിൽ ആർക്കാണ് ഉപയോഗിച്ചിരിക്കുന്നത്? അമ്പതിലേറെ പ്രാവശ്യം സത്യദൈവത്തിനാണ് ആ പദം ഉപയോഗിച്ചിരിക്കുന്നത്. പക്ഷെ, ഉല്പത്തിയിൽ ആ പദമില്ലത്രേ; അതുകൊണ്ട് ഏകദൈവം ബഹുത്വമായിപ്പോയോ? ദൈവത്തെ കുറിക്കാൻ അനവധി എബ്രായപദങ്ങൾ ബൈബിളിലുണ്ട്. ഉദാ: എൽ, എലോഹീം, എലോഹ, എല്ല്യോൻ, തുടങ്ങിയവ. അതിൽത്തന്നെ എലോഹീം' എന്നത് ഒരു സവിശേഷ പദമല്ല; സാധാരണ പദമാണ്. ഉന്നതൻ, ശക്തൻ, ബലവാൻ' എന്നൊക്കെ അർത്ഥം കല്പിക്കാം. ഈ പദം ദൈവത്തെയും (ഉല്പ്, 1:1), ദൂതന്മാരെയും സങ്കീ, 82:1), മനുഷ്യനെയും (പുറ 4:16; 7:1), മനുഷ്യരെയും (സങ്കീ, 82:6), ദേവനെയും (ന്യായാ, 11:24), ദേവിയെയും (1 രാജാ, 1:5, 33), ദേവന്മാരെയും (ഉല്പ 35:2) കുറിച്ചിട്ടുണ്ട്. ഒന്നുകൂടി പറഞ്ഞാൽ, മോശെയെന്ന ഏകവ്യക്തിക്കും ഈപദം രണ്ടുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ആകയാൽ, എലോഹ എന്ന ഏകവചനമല്ല പ്രസ്തുത സ്ഥാനത്ത് സത്യദൈവത്തിനു ഉപയോഗിച്ചിരിക്കുന്നത് എന്ന കാരണത്താൽ ഏകദൈവത്തിനു ഒരു ബഹുത്വമുണ്ടാകുന്നില്ല. മാത്രമല്ല, ത്രിത്വക്കാരുടെ ഭാഷയിൽ പറഞ്ഞാൽ, ഖണ്ഡിതമായ ഏകത്വമുള്ള എലോഹ് എന്നപദം 52 പ്രാവശ്യം ഇയ്യോബിലും സങ്കീർത്തനങ്ങളിലുമായി ദൈവത്തെ കുറിക്കാൻ ഉപയോഗിച്ചിട്ടുണ്ട്. അപ്പോൾ എങ്ങനെ ദൈവത്തിനു ബഹുത്വം വരും? ചിലപ്പോൾ ദൈവം ഏകനും മറ്റുചിലപ്പോൾ ബഹുത്വവുമാകുമോ? ദൈവം ഗതിഭേദത്താൽ ആഛാദനം ഇല്ലാത്തവനാണ് (യാക്കോ.1:17). ദൈവത്തിന് ചിലപ്പോൾ ഏകനും മറ്റുചിലപ്പോൾ ത്രിത്വവും ആകാൻ കഴിയില്ല. ഇതൊക്കെ ആരോട് പറയാനാണ്? മോശെയെന്ന മനുഷ്യനെ രണ്ടുപ്രാവശ്യം എലോഹീം എന്നു വിളിച്ചിട്ടുണ്ട്. എലോഹീം ബഹുവചനം ആയതുകൊണ്ട് ദൈവത്തിന് ബഹുത്വമുണ്ടെങ്കിൽ; എലോഹീമായ മോശെയ്ക്ക് ഏത് കാരണത്താൽ ബഹുത്വമില്ലെന്ന് ത്രിത്വ പണ്ഡിതന്മാർ വ്യക്തമാക്കേണ്ടതല്ലേ???... ത്രിത്വോപദേശത്തെ ദേഹം, ദേഹി, ആത്മാവിനോട് ഉപമിക്കുന്ന നിങ്ങൾ പറയുന്നു. മോശെയെന്ന എലോഹീമിന് ബഹുത്വമില്ല; ദൈവത്തിന് ബഹുത്വമുണ്ട്.

**മൂന്ന്;** യഹോവയായ ദൈവം, ദൈവമായ യഹോവ അഥവാ യഹോവ എലോഹീം (Yehovah Elohiyan - Lord God) എന്ന പ്രയോഗം ഉല്പത്തി 2:4 മുതൽ മലാഖി 2:16 വരെ അഞ്ഞൂറിലേറെ പ്രാവശ്യം ബൈബിളിലുണ്ട്. എലോഹീമിന് ബഹുത്വമുണ്ടെന്ന് പറയുന്നവർ, ദൈവമായ യഹോവയിലല്ലേ ബഹുത്വം ആരോപിക്കുന്നത്? യഹോവയെന്നത് ദൈവത്തിന്റെ സംജ്ഞാനാമമാണ്. (പുറ, 3:15). ആ നാമത്തിൽ ഒരുത്തൻ മാത്രമേയുള്ളെന്നും (നെഹെ, 9:6; സങ്കീ, 83:18; യെശ, 44:24), യഹോവയായ ദൈവം ഒരുത്തൻ മാത്രമാണെന്നും (2രാജാ, 19:15, 19:19; ഇയ്യോ, 9:8; സങ്കീ. 86:10; യെശ, 37:16; 36:20), പിതാവായ ഏകദൈവമേ നമുക്കുള്ളൂവെന്നും (1കൊരി, 8:6; എഫെ, 4:6; മർക്കൊ, 12:29–32; യോഹ, 17:1–3; മലാ, 2:10; യെശ, 63:16, 64:8) പഴയ പുതിയനിയമങ്ങൾ ആവർത്തിച്ചു പറയുമ്പോൾ, യഹോവയെന്ന നാമമുള്ള ഏകവ്യക്തിക്കെങ്ങനെ ബഹുത്വമുണ്ടാകും???... ദൈവത്തിന്റെ ബഹുത്വം നിങ്ങളുടെ ദിവാസ്വപ്നങ്ങൾ മാത്രമാണ്!

**നാല്;** Jewish Encyclopediaയിലും, Encyclopaedia Britannicaയിലും, Hebrew grammar and meaningലും പറഞ്ഞിരിക്കുന്നത്; "എലോഹീം ബഹുവചനരൂപമാണെങ്കിലും സത്യദൈവത്തെ കുറിക്കാൻ ഏകവചനമായിട്ടാണ് പ്രയോഗം, അഥവാ, ഏകവചനത്തിലാണ് അത് മനസ്സിലാക്കേണ്ടത് എന്നാണ്. പഴയനിയമത്തിന്റെ അവകാശികളും എബ്രായഭാഷ വ്യാഖ്യാനിക്കാൻ അധികാരമുള്ളവരും സത്യദൈവത്തെ കുറിക്കാൻ എലോഹീം ഏകവചനമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത് എന്നു പറഞ്ഞിട്ടും, ത്രിത്വപണ്ഡിതന്മാർ എന്തിനാണ് എലോഹീമിൽ ഒരു ബഹുത്വം ആരോപിക്കുന്നത്? കാരണം, പൗലൊസിന്റെ ഭയംപോലെ (2കൊരി, 11:3), ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് സഭ വഷളാകാൻ വേണ്ടി എ.ഡി. 325–ൽ നിഖ്യാ സുന്നഹദോസിലൂടെ സാത്താൻ നുഴയിച്ചുകയറ്റിയ ദുരുപദേശത്തിന്റെ വക്താക്കളാണ് ത്രിത്വ പണ്ഡിതന്മാർ. സഭയെ വഞ്ചിക്കുകയെന്ന സാത്താൻ തന്ത്രമാണ് ത്രിത്വക്കാരിലൂടെ അവൻ നടപ്പാക്കാൻ ശ്രമിക്കുന്നതെന്ന് അവർ അറിയുന്നില്ല.

**അഞ്ച്;** എലോഹീം എന്ന പദത്തിന്റെ 'അർത്ഥം' ചികഞ്ഞുനോക്കി ദൈവത്തിൽ ബഹുത്വം ആരോപിക്കുന്നവർ ആത്മാവിനെ കുറിക്കുന്ന എബ്രായ പദമായ റുവഹ് (ruwach) സ്ത്രീലംഗ രൂപവും, ഗ്രീക്കുവാക്കായ പ്ന്യൂമ (pneuma) നപുംസക രൂപമാണെന്നും മറന്നുപോയോ? ഭാഷയിലുള്ള വചനവും, ലിംഗവും നോക്കി ദൈവത്തിന്റെ പ്രകൃതി വിലയിരുത്തുന്നവർ പഴയനിയമത്തിലെ നിങ്ങളുടെ പരിശുദ്ധാത്മാവ് സ്ത്രീയാണെന്നും, പുതിയനിയമത്തിലെ ആത്മാവ് ട്രാൻസ്ജെൻഡറാണെന്നും ആരെങ്കിലും നിങ്ങളോട് പറഞ്ഞാൽ സമ്മതിച്ചുകൊടുക്കുമോ? അവൻ ആത്മാവിനെതിരെ ദൂഷണം പറഞ്ഞുവെന്ന് പറയില്ലേ? ഏകസത്യദൈവത്തെ കുറിക്കുന്ന അനേക പദങ്ങളിൽ ഒരു പദം ബഹുവചനമായതുകൊണ്ട് ഏകസത്യദൈവത്തിനു ബഹുത്വമുണ്ടെന്ന് പറയുന്ന നിങ്ങൾ, അതിനെക്കാൾ വലിയ ദൈവദൂഷണമല്ലേ പറയുന്നത്???...

**ആറ്;** എലോഹീം എന്നാൽ, ദൈവമെന്നും (God) (ഉല്പ.1:1) ദൈവങ്ങൾ (gods) എന്നുമാണ് തർജ്ജമ. (പുറ, 20:3). സത്യദൈവത്തെ കുറിക്കാൻ 'ദൈവം' എന്നു ഏകവചനത്തിലും, ജാതികളുടെ ദേവന്മാരെ കുറിക്കാൻ 'ദൈവങ്ങൾ' എന്നു ബഹുവചനത്തിലും. എലോഹീമിന് ബഹുത്വമുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നത് നിഷ്പക്ഷമായിട്ടാണെങ്കിൽ, ദൈവം എന്ന ഏകവചനം മാറ്റി ദൈവങ്ങൾ എന്ന ബഹുവചനം ത്രിത്വക്കാർ തിരഞ്ഞെടുക്കണ്ടേ? അങ്ങനെ മൂന്നു ദൈവമുണ്ടെന്നല്ലേ പറയേണ്ടത്?

എലോഹീം എന്ന പദത്തെ ദൈവം (God) എന്നും ദൈവങ്ങൾ (gods) എന്നുമാണ്; അല്ലാതെ വ്യക്തി (person) എന്നും വ്യക്തികൾ (persons) എന്നുമല്ല ബൈബിളിൽ പരിഭാഷ ചെയ്തിരിക്കുന്നത്. ആകയാൽ നിങ്ങളുടെ ഈ വിശ്വാസം അതിൽത്തന്നെ സത്യമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ, അഥവാ ദൈവത്തിന് ബഹുത്വമുണ്ടെന്ന് വിശ്വസിക്കുന്ന നിങ്ങൾ എലോഹീമിന്റെ ദൈവം' എന്ന ഒന്നാമത്തെ അർത്ഥം തള്ളിയിട്ട് ദൈവങ്ങൾ' എന്ന രണ്ടാമത്തെ അർത്ഥമല്ലേ എടുക്കേണ്ടത്? എലോഹീമിന് ബഹുത്വമുണ്ടെന്ന് പറയുന്ന നിങ്ങൾക്ക് ദൈവമല്ല; ദൈവങ്ങളാണ് ബൈബിൾ പ്രകാരമുണ്ടാകേണ്ടത്. എന്നാൽ എലോഹീമിന് ബഹുത്വമുണ്ടെന്ന് പറയുകയും ആ പദത്തിന്റെ ഏകവചനമോ ബഹുവചനമോ സ്വീകരിക്കാതെ, എലോഹീമിൽ അഥവാ ദൈവത്തിൽ മൂന്ന് വ്യക്തികളുണ്ടെന്ന് പറയുന്നു. അർത്ഥാൽ; എലോഹീം അഥവാ ദൈവം (God) എന്ന ബൈബിളിന്റെ ഏകവചനത്തിൽ ട്രിനിറ്റി വിശ്വസിക്കുന്നില്ല; എലോഹീം അഥവാ ദൈവങ്ങൾ (gods) എന്ന ബൈബിളിന്റെ ബഹുവചനവും ട്രിനിറ്റി സ്വീകരിക്കുന്നുമില്ല. എന്നുവെച്ചാൽ, ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിച്ച ഏകസത്യദൈവത്തെ ത്രിത്വക്കാർ അംഗീകരിക്കുന്നില്ല. ത്രിത്വം എന്നത് ഒരുമാതിരി, വെളിവുകേടിന്റെ അങ്ങേയറ്റത്തെ ഉപദേശമായിപ്പോയി. ബൈബിളിൽ എലോഹിമിന്റെ കൃത്യമായ പ്രയോഗം ശ്രദ്ധിക്കുക. ഉല്പ.1:1–ൽ ആദിയിൽ 'ദൈവം' ആകാശവും ഭൂമിയും സൃഷ്ടിച്ചു. യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു. ഞാനല്ലാതെ അന്യ 'ദൈവങ്ങൾ' നിനക്കുണ്ടാകരുത് (പുറ.20:3). പ്രാഥമീകമായ ഈ അറിവുപോലുമില്ലാത്തവരാണ് ത്രിത്വവാദികൾ എന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു.

WEBSITE
vedabhimani.com
FACE BOOK
vedabhimani
MAIL
vedabhimani@gmail.com
YouTube
vedabhimani.com


# VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Jan: 2023 at RMS Kayamkulam
Published on Ist Jan: 2023
RNI Registered No. KERMAL/2002/7361



## പുരുഷന്മാരേ നിങ്ങളോട് പറയുന്നു

**ആ**ഫ്രിക്കയിൽ മിഷനറിയായി ആദ്യമായി പോയ റോബർട്ട് മോഫറ്റ് ഇടയ്ക്ക് സ്വദേശമായ ബ്രിട്ടനിൽ ഒരു സന്ദർശനത്തിനെത്തി. വിവിധ യോഗങ്ങളിൽ പങ്കെടുത്ത് ആഫ്രിക്കയിൽ മിഷനറിമാരായി വരുവാൻ ആളുകളെ ആഹ്വാനം ചെയ്യാനാണു മോഫറ്റ് ആ ദിവസങ്ങൾ ഉപയോഗിച്ചത്. ഒരു ദിവസം ഇത്തരം ഒരു യോഗത്തിനായി ഒരു സഭയിൽ ചെന്ന മോഫ്റ്റ് ആകെ നിരാശനായിപ്പോയി. കാരണം, വളരെ കുറച്ചുപേർ മാത്രമേ മീറ്റിംഗിനു വന്നിട്ടുള്ളൂ. അതിനെക്കാൾ മോഫറ്റിനു പ്രയാസം തോന്നിയത് അദ്ദേഹം പ്രസംഗത്തിന് കുറിവാക്യമായി തയ്യാറാക്കികൊണ്ടുവന്ന വാക്യം സദൃശവാക്യം 8 ന്റെ 4 ആയിരുന്നു. അതിങ്ങനെയാണ് "പുരുഷന്മാരേ, ഞാൻ നിങ്ങളോടു വിളിച്ചു പറയുന്നു...."




എന്നാൽ ദുഃഖകരമായ കാര്യം ആ മീറ്റിംഗിനു വന്നവരെല്ലാം സ്ത്രീകളായിരുന്നു എന്നതാണ്. "പുരുഷന്മാരേ, ഞാൻ നിങ്ങളോടു പറയുന്നു" എന്ന വാക്യം വച്ച് സഹോദരിമാരോട് എങ്ങനെ പ്രസംഗിക്കും? മോഫറ്റ് ധർമസങ്കടത്തിലായി. ഇനി പ്രസംഗം മാറ്റി പുതിയതൊന്നു തയ്യാറാക്കാൻ സമയവുമില്ല. എന്തുചെയ്യും ഒടുവിൽ മോഫറ്റ് താൻ തയ്യാറാക്കി കൊണ്ടുവന്ന പ്രസംഗം തന്നെ പ്രാർത്ഥനയോടെ കണ്ണുമടച്ചങ്ങു പ്രസംഗിച്ചു. ആഫ്രിക്കയിലെ സുവിശേഷീകരണത്തിന്റെ പ്രത്യേകത, അവിടുത്തെ വെല്ലുവിളികൾ, സാധ്യതകൾ, അവിടെ സുവിശേഷീകരണത്തിനു യുവാക്കൾ മുന്നോട്ടുവരേണ്ടതിന്റെ ആവശ്യകത എന്നിവയെല്ലാം മോഫറ്റ് സാധാരണ മീറ്റിംഗിലെന്നപോലെ ഇവിടെയും വിശദീകരിച്ചു.

ആ മീറ്റിംഗിൽ മോഫറ്റിന്റെ പ്രസംഗത്തിനുശേഷം ആരും മുന്നോട്ടുവന്ന് ആഫ്രിക്കയിലെ സുവിശേഷീകരണത്തിനായി പ്രതിഷ്ഠിച്ചില്ല. പക്ഷേ പാട്ടിനു സഹായിയായി ഒരു ചെറിയ ആൺകുട്ടി മാത്രം ആ മീറ്റിംഗിൽ സംബന്ധിച്ചിരുന്നു. അവൻ ആഫ്രിക്കയെക്കുറിച്ച് കേട്ട് ആകെ വികാരഭരിതനായിപ്പോയി. ആരോടും പറഞ്ഞില്ലെങ്കിലും, പ്രായമാകുമ്പോൾ ആഫ്രിക്കയിൽ സുവിശേഷവുമായി പോകുമെന്ന് അവൻ തീരുമാനിച്ചു. പിന്നീട് പഠിച്ച് മെഡിക്കൽ ബിരുദമെടുത്ത് ആഫ്രിക്കയിൽ ആരും ഇതുവരെ ചെന്നിട്ടില്ലാത്ത സ്ഥലങ്ങളിൽ പോയി അവൻ ആ ഭൂഖണ്ഡത്തെ സുവിശേഷീകരിച്ചു. അതാരായിരുന്നു? അതാണ് ഡേവിഡ് ലിവിങ്സ്റ്റൺ,

## ആൾക്കൂട്ടത്തിൽ ഒറ്റയ്ക്ക്

**ഡോ. ജിറ്റി ജോർജ്**
കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്

**ലി**യോ ടോൾസ്റ്റോയിയുടെ ഒരു ചെറുകഥയിൽ തന്റെ ഒരേയൊരു മകൻ മരിച്ച ദുഃഖത്തിൽ വൃദ്ധനായ പിതാവ് വിലപിക്കുന്ന ഭാഗമുണ്ട്: 'ഈ പ്രപഞ്ചത്തിൽ എന്റെ ദുഃഖം ഞാൻ ആരോടു പറയും' എന്നു പറഞ്ഞ് അദ്ദേഹം പൊട്ടിക്കരയുന്നു.

ലോകം ഒരു വലിയ ഗ്രാമമായി വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വർധിച്ചുവരുന്ന ഒരു പ്രശ്നമാണ് ഒറ്റപ്പെടൽ. ജീവിതത്തിൽ പ്രശ്നങ്ങളില്ലാത്തവർ ആരും തന്നെയില്ല. ചില പ്രശ്നങ്ങൾക്കാകട്ടെ, പരിഹാരവും ഉണ്ടാകില്ല. പലപ്പോഴും പ്രശ്നങ്ങളുണ്ടാകുന്നത് അല്ല പലരുടെയും വിഷയം. ആ ഭാരമൊന്നിറക്കിവയ്ക്കാൻ ഒരിടമില്ലല്ലോ എന്നതാണ്.



ജീവിതകാലം മുഴുവൻ ഓരോ കാര്യങ്ങളിൽ വ്യാപൃതരായിരിക്കുന്നവർ രോഗം മൂലമോ പെൻഷനു ശേഷമോ ഈ ഒറ്റപ്പെടൽ അനുഭവിച്ചേക്കാം. മക്കൾ കൂടെയില്ലാത്തത്, ജീവിതപങ്കാളിയുടെ വേർപാട് എന്നിവയെല്ലാം ഈയൊരവസ്ഥയെ ഒന്നുകൂടി വഷളാക്കിയേക്കാം. അവരാരും ആഗ്രഹിക്കുന്നത് പ്രശ്നങ്ങൾക്കു പരിഹാരമോ നിർദേശമോ അല്ല. അവരെ കേട്ടിരിക്കാനുള്ള മനസ്.

ആൾക്കൂട്ടത്തിനിടയിലും ഒറ്റപ്പെടലിന്റെ വീർപ്പുമുട്ടൽ അനുഭവിക്കുന്നവരുണ്ട്, എന്തുപറ്റി? എന്നൊരു ചോദ്യം എവിടുന്നെങ്കിലും കേൾക്കാൻ കൊതിച്ച് ഇരിക്കുന്നവർ. കണ്ണുകളിലേക്കൊന്നു നോക്കി, കൈയിൽ മുറുകെ പിടിക്കുമ്പോഴേക്കും ഒരു വലിയ മഞ്ഞുമല ഉരുകിത്തുടങ്ങും. അവർക്കു വേണ്ടത് നമ്മുടെ സമയവും കേൾക്കാനുള്ള മനസുമാണ്.





### ഡയെലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺വിശ്വാസത്തിൽ വന്നിട്ട് വിശ്വാസം വിട്ടോടിയവർ പിന്മാറ്റക്കാരല്ലെന്നാണ് ന്യൂജെൻ തലമുറ പറയുന്നത്. പിന്നെ അവർ ആരാണ്?

വർഗ്ഗീസ് ഫിലിപ്പ്, അയ്യപ്പൻ കോവിൽ, ഇടുക്കി

☹***പരേതാത്മാക്കൾ***

☺മലയാളിയെക്കുറിച്ച് അഭിമാനം കൊള്ളണം എന്നു പറയുന്നതിന്റെ കാരണം?

ജോയമ്മ ഈശോ, ഇരവിപേരൂർ, തിരുവല്ല

☹***മൂക്കുപണ്ടം പണയം വച്ച് ആ കാശുകൊണ്ട് ചീട്ടുകളിച്ച് മദ്യലഹരിയിൽ അഴിഞ്ഞാടിയതിന് അറസ്റ്റിലായവന്റെ പേര് ഉത്തമൻ ഫ്രം കേരള.***

☺വിവാഹം കഴിഞ്ഞ് ദിവസങ്ങൾക്കുള്ളിൽ ഇരട്ടക്കുട്ടികൾ. ഇതെങ്ങനെ?

സാം കരിക്കിനേത്ത്, ഇരിങ്ങാലക്കുട, തൃശൂർ

☹***ഇതാണ് ന്യൂജെൻ പ്ലാനിംഗ്. പ്രണയകാലത്തു തന്നെ കുട്ടികൾ പ്ലാൻ ചെയ്യാം. ഗർഭപാത്രവും ദേഹണ്ഡക്കാരും വാടകയ്ക്ക് റെഡി.***

☺നിലവിൽ ഭരണത്തിലിരിക്കുന്നവർ ഭരണം ശരിയായ നിലയിൽ നിർവ്വഹിച്ചു എന്നു താങ്കൾ കരുതുന്നുണ്ടോ?

രാജു വെമ്പള്ളി, പെണ്ണുക്കര, ചെങ്ങന്നൂർ

☹***തീർച്ചയായും. അവർ അധികാരം ആസ്വദിച്ച് സുഖിച്ചു. ഒപ്പം നിന്നവർക്കും തൃപ്തിയായി. അവരുടെ കാര്യം ശരിയായി.***

☺ഭാര്യ എന്ന പേരു മാറ്റി ജീവിതപങ്കാളി എന്നല്ലെ ആക്കേണ്ടത്?

ജയ സുരേന്ദ്രൻ, മുളയറ, തിരുവനന്തപുരം

☹***പേര് മാറ്റിയിട്ട് കാര്യമില്ല. പെരുമാറ്റമാണ് പ്രധാനം.***

☺ ജനാധിപത്യ സംവിധാനത്തിൽ ജനം കഴുതകളാണെന്നു പറയുന്നതിന്റെ കാരണം?

ആന്റണി ലോറൻസ്, വീരൻകാവ്, തിരുവനന്തപുരം

☹***പൊതുമുതൽ കൊള്ളയടിക്കുന്ന കൊള്ളക്കാരെതന്നെ കാവൽ ഏൽപ്പിക്കുന്ന കഴുതകളാണ് പൊതുജനം.***

☺ മരുന്നു കഴിക്കാത്തതിന്റെ ഒരു പ്രശ്നം നമ്മുടെ ശുശ്രൂഷകന്മാർക്കില്ലേ?

ലിറ്റി കുര്യൻ, മുണ്ടൂർ, കോഴിക്കോട്

☹ ***കോമൺസെൻസിനും മാനസികാരോഗ്യത്തിനും മരുന്നു കഴിക്കാത്തതിന്റെ ഒരു പ്രശ്നം കാണുന്നുണ്ട്.***




കാലിക കേരളം



## നിവരില്ലി നാട്

**പ**ന്തീരാണ്ടുകാലം കുഴലിലിട്ടാലും നിവരില്ലെന്ന് പണ്ടുമുതലെ കട്ടായം പറഞ്ഞ കാരണവൻമാരെ തിരുത്താനും, പട്ടിയുടെ വാല് നിവർത്തി പുതിയ ചരിത്രം സൃഷ്ടിക്കാനുമായി ഒരു ഭരണാധികാരി കിണഞ്ഞു ശ്രമിച്ചു. എന്നാൽ കാലമേറെക്കഴിഞ്ഞിട്ടും പട്ടിയുടെ വാല് ഒരു ഇഞ്ച് പോലും നിവർന്നില്ല. പകരം മറ്റൊന്നാണ് സംഭവിച്ചത്. ഭരണാധികാരിക്ക് പട്ടിയുടേതുപോലെ ഒരു വാല് മുളയ്ക്കുകയും അത് വളഞ്ഞു വരികയും ചെയ്തു.

Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally